# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# തിരുനെല്ലി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**വയനാട്-673121**

**ഇ-മെയിൽ: dowyd.ksad@kerala.gov.in**
**ഫോൺ : 0493-6203672**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-പി4-1099/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 04/12/2025
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുനെല്ലി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-പി4-1099/2025 തീയ്യതി: 04/12/2025

# വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2024 മുതൽ 07-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോ ഡേവിസ് കെ.എ.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 08-09-2025 | 19-09-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-09-2025 | 19-09-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ബിന്ദു.കെ.കെ, ഓഡിറ്റ് ഓഫീസർ
ശ്രീ ഷാജി പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ഇന്ദു.കെ.നായർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അർജുൻ.കെ.മാത്യു, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി വി ബാലകൃഷ്ണൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീ.ഉസ്മാൻ വി | സെക്രട്ടറി | 01-04-2024 | 07-09-2024 |
| ശ്രീ മുഹമ്മദ് അഷ്റഫ് കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-09-2024 | 05-11-2024 |
| ശ്രീ ബിജു.ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-11-2024 | 27-02-2025 |
| ശ്രീ പ്രദീപ്.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-02-2025 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉസ്മാൻ വി | സെക്രട്ടറി | 01-04-2024 | 07-09-2024 |
| ശ്രീ മുഹമ്മദ് അഷ്റഫ് കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-09-2024 | 05-11-2024 |
| ശ്രീ ബിജു.ടി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-11-2024 | 27-02-2025 |
| ശ്രീ പ്രദീപ്.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-02-2025 | 31-03-2025 |
| ശ്രീ മുഹമ്മദ് അഷ്റഫ് കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 05-11-2024 |
| ശ്രീ ബിജു.ടി | അസിസ്റ്റന്റ് സെക്രട്ടറി | 06-11-2024 | 27-02-2025 |
| ശ്രീ പ്രദീപ്.എം | അസിസ്റ്റന്റ് സെക്രട്ടറി | 28-02-2025 | 31-03-2025 |
| ഡോ.ബിനിഷ.പി | മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി | 01-04-2024 | 31-03-2025 |
| ഡോ.ക്യസ്റ്റി ജെ തുണ്ടിപറമ്പിൽ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2024 | 31-03-2025 |
| ഡോ.അജയ് പി കുര്യാക്കോസ് | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി മൃദുല എ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2024 | 13-08-2024 |
| ശ്രീമതി സുലൈഖ.എം.ടി | ഐ സി ഡി എസ് സൂപ്പർവൈസർ | 14-08-2024 | 31-03-2025 |
| ശ്രീ.കുഞ്ഞഹമ്മദ് കെ പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 10-11-2024 |
| ശ്രീ.അജിത് കുമാർ. ഇ.റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 11-11-2024 | 31-03-2025 |
| ശ്രീ പ്രൈംസൺ എം പ്രകാശ് | ഹെഡ് മാസ്റ്റർ | 01-04-2024 | 31-03-2025 |
| ശ്രീ.അശോക് കുമാർ വി ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ശരണ്യ എം | കൃഷി ഓഫീസർ | 01-04-2024 | 01-04-2024 |
| ശ്രീമതി അശ്വതി ബാലകൃഷ്ണൻ | കൃഷി ഓഫീസർ | 02-04-2024 | 31-03-2025 |
| ശ്രീ ഗിരീഷ് ടി എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശ്രീമതി സുനിത ഇ ആർ | സബ് ഇൻസ്പെക്ടർ ഓഫ് ഫീഷറീസ് | 01-04-2024 | 31-03-2025 |
| ഡോ.ശ്രീജ കെ സി | മെഡിക്കൽ ഓഫീസർ കുടുംബാരോഗ്യ കേന്ദ്രം അപ്പപ്പാറ | 01-04-2024 | 31-10-2024 |
| ഡോ.രേഖ.ആർ | മെഡിക്കൽ ഓഫീസർ കുടുംബാരോഗ്യ കേന്ദ്രം അപ്പപ്പാറ | 01-11-2024 | 30-11-2024 |
| ഡോ.ലിസാജ്.ടി.പി | മെഡിക്കൽ ഓഫീസർ കുടുംബാരോഗ്യ കേന്ദ്രം അപ്പപ്പാറ | 01-12-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-1 |
| 3 | ഇ-ടെണ്ടർ ഫോറം വില ആസ്തിയിൽ ഉൾപ്പെടുത്തിയില്ല | 1-1-2 |
| 4 | Income & Expenditure (I-6)ഷെഡ്യൂളിലെ തുകകൾ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി- ബാലൻസ് ഷീറ്റിലെ ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തക്കേട് | 1-1-4 |
| 6 | ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലെ ഗ്രാന്റ് തുകകളും ബി-17 ഷെഡ്യൂളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-6 |
| 8 | വാർഷിക കണക്ക് പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ബി 9 ഷെഡ്യൂളിലെ തുകകൾ ബന്ധപ്പെട്ടവർക്ക് കൈമാറാതെ ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായി നിലനിർത്തി | 1-1-8 |
| 10 | അഡ്വാൻസ് രജിസ്റ്റർ ക്രമപ്രകാരം പരിപാലിച്ചിട്ടില്ല | 1-1-9 |
| 11 | കാലഹരണപ്പെട്ട ഇലക്ഷൻ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല | 1-1-10 |
| 12 | കാലാവധി കഴിഞ്ഞ ചെക്ക് സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-11 |
| 13 | 3 വർഷം മുൻപ് ബാങ്ക് അക്കൗണ്ടിൽ നിന്നും ഡെബിറ്റ് ചെയ്ത തുക നാളിതു വരെ ക്രമീകരിച്ചിട്ടില്ല. | 1-1-12 |
| 14 | ബെനഫിഷ്യറി കോൺട്രിബ്യൂഷൻ ചെലവഴിക്കാതെ ബാക്കി നിൽക്കുന്നു | 1-1-13 |
| 15 | തനത് വർഷം ഈടാക്കിയ ലൈബ്രറി സെസ് നാളിതുവരെ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല | 1-1-14 |
| 16 | തനത് ഫണ്ട് അക്കൗണ്ടിൽ ചെക്ക് മുഖേന ഡെപ്പോസിറ്റ് ചെയ്ത തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല | 1-1-15 |
| 17 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-16 |
| 18 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല | 1-1-17 |
| 19 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-18 |
| 20 | ബജറ്റ് | 1-2 |
| 21 | സാമ്പത്തിക നില | 1-3 |
| 22 | ഫണ്ട് വിനിയോഗം | 1-4 |
| 23 | പദ്ധതി അവലോകനം | 1-5 |
| 24 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 25 | ക്ഷേമപദ്ധതികൾ | 1-7 |
| 26 | ക്യാഷ് ബാലൻസ് | 1-8 |
| 27 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 28 | ഫെസ്റ്റിവൽ അഡ്വാൻസ്, ടൂർ ട്രാവലിംഗ് അഡ്വാൻസ് തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. | 1-10 |
| 29 | ആസ്തിരജിസ്റ്റർ കാലികമാക്കിയതായോ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയതായോ കാണുന്നില്ല. | 1-11 |
| 30 | ആയുർവേദമരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. | 1-12 |
| 31 | ഹോമിയോ മരുന്നു പൂർണ്ണമായും ലഭിച്ചില്ല. | 1-13 |
| 32 | സമയബന്ധിതമായി ലേലം നടത്താത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-14 |

| | | |
|---|---|---|
| 33 | റൂറൽ ഹൗസിംഗ് ലോൺ-രേഖകൾ സൂക്ഷിക്കുന്നതിൽ അപാകതകൾ | 1-15 |
| 34 | തെരുവുവിളക്ക് റിപ്പയർപദ്ധതി-പദ്ധതിനടത്തിപ്പിൽ അപാകതകൾ | 1-16 |
| 35 | തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് അടക്കുന്നതിൽ അപാകതകൾ | 1-17 |
| 36 | തെരുവുടാപ്പുകളുടെ വെള്ളക്കരം അടക്കുന്നതിന്റെ കൃത്യത ഉറപ്പാക്കുന്നില്ല. | 1-18 |
| 37 | തുറമ്പൂർ എന്ന സ്ഥലത്ത് മോട്ടോർ സ്ഥാപിക്കൽ-ആസ്തിരജിസ്റ്ററിൽ ഉൾപ്പെടാത്ത പദ്ധതി | 1-19 |
| 38 | ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല. | 1-20 |
| 39 | ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളുടെ കെട്ടിടനിർമ്മാണാനുമതി,ലൈസൻസ് ,വസ്തുനികുതി എന്നിവ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-21 |
| 40 | NCESS/GSI റെഡ് സോൺ പ്രദേശങ്ങളിലെ നിലവിലെ നിയന്ത്രണങ്ങൾ ഫലപ്രദമല്ല -നിർമ്മാണങ്ങൾ സംബന്ധിച്ച നിയമ/പ്രായോഗിക പ്രശ്നങ്ങൾ, സാധ്യതകൾ - റെഡ് സോണിൽ റിസോർട്ടുകൾ ആശുപത്രിയായി (Rejuvenation Retreat Center) പ്രവർത്തിക്കുന്നു | 1-22 |
| 41 | ഗ്യാസ് ക്രിമറ്റോറിയം ജനറേറ്റർ വാങ്ങൽ പദ്ധതി നടപ്പാക്കിയതിലെ ന്യൂനതകൾ | 1-23 |
| 42 | ജൽ ജീവൻ പദ്ധതിക്ക് സ്ഥലം വാങ്ങൽ - പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല. | 1-24 |
| 43 | ആരോഗ്യ മേഖല ഗ്രാന്റ് - അവലോകനം | 1-25 |
| 44 | ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളും കണക്കുസൂക്ഷിപ്പും തൃപ്തികരമല്ല. | 1-26 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ് | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-5 |
| 6 | വായ്പ/ വായ്പാതിരിച്ചടവ് | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statements | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 01.07.2025 ലെ 2/1 നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 04.07.2025 തീയതിയിൽ, പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.
II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.
III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2024 - 25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

കൽപ്പറ്റ
04/12/2025

## 1-1-1 ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായി ഉൾപ്പെടുത്തേണ്ടതായ പദ്ധതികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാ: തുറമ്പൂർ എന്ന സ്ഥലത്ത് മോട്ടോർ സ്ഥാപിക്കൽ(പ്രോജക്ട് നം:446/25). ആസ്തി രജിസ്റ്റർ കാലികമാക്കി അറിയിക്കേണ്ടതാണ്.

## 1-1-2 ഇ-ടെണ്ടർ ഫോറം വില ആസ്തിയിൽ ഉൾപ്പെടുത്തിയില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ 2024-25 വർഷവും, മുൻവർഷങ്ങളിലും നടപ്പാക്കിയ വിവിധ പദ്ധതികളുടെ ഇ-ടെണ്ടർ ഫീ ഇനത്തിലുള്ള തുക സ്ഥാപനത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-3 Income & Expenditure (I-6)ഷെഡ്യൂളിലെ തുകകൾ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

വികസന ഫണ്ട് ജനറൽ, ടി.എസ്.പി, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഫണ്ട് നോൺ റോഡ്

എന്നിവയുടെ വാർഷിക കണക്കുകൾ പ്രകാരമുള്ള ചെലവുകൾ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 12.09.2025ലെ 15-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകകൾ ജേണൽ വഴി മാറ്റിയതിനാലാണ് പ്രസ്തുത പൊരുത്തക്കേട് ഉണ്ടായത് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ റവന്യൂ ചെലവുകളുടെയും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷന്റെയും ആകെ തുക ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-4 പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി- ബാലൻസ് ഷീറ്റിലെ ഷെഡ്യൂളുകൾ തമ്മിൽ പൊരുത്തക്കേട്

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് B-2 ഷെഡ്യൂളിൽ "Panchayat's Distress Reilief Fund" (311100101) ഹെഡ്ഡിൽ 40,801 രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ബി17 പ്രകാരം മേൽ ഫണ്ട് കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൗണ്ടിൽ ( Other Co-Operative Bank- 1001006932) 26,967 രൂപയാണ് അവശേഷിക്കുന്നത് (വ്യത്യാസം- 13,834 രൂപ). മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 12.09.2025ലെ 15-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ, മേൽപ്രകാരം വ്യത്യാസം വന്ന തുക (13,834 രൂപ) മുൻകാലങ്ങളിൽ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചിട്ടുള്ളതാണെന്നും, ആയത് ILGMS ൽ പേമെന്റ് വരാത്തതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ തുക ക്രമീകരിച്ച്, അറിയിക്കേണ്ടതാണ്.

## 1-1-5 ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലെ ഗ്രാന്റ് തുകകളും ബി-17 ഷെഡ്യൂളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലെ ഹെൽത്ത് ഗ്രാന്റും സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റും ഉൾപ്പെടെയുള്ള യാതൊരു ഗ്രാന്റ് തുകകളും ബി-17 ഷെഡ്യൂളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 12.09.2025ലെ 15-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ, മേൽപ്രകാരം വ്യത്യാസം വന്ന തുകകൾ അതത് ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടിൽ പലിശയായി ക്രെഡിറ്റ് ആയ തുകയാണെന്ന് അറിയിച്ചിട്ടുണ്ട്. മേൽ തുകകൾ ബാധ്യതാ ഹെഡ്ഡിൽ ഉൾപ്പെടുത്തി ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-6 ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് (ബി-5) ഷെഡ്യൂൾ പ്രകാരം ലോൺ ഇനത്തിൽ ആകെ 29,195,562 രൂപ ബാലൻസ് ഉണ്ട്. എന്നാൽ, ലോൺ രജിസ്റ്റർ കാലികമാക്കാത്തതിനാൽ ലോണിന്റെ തിരിച്ചടവ് ഉൾപ്പെടെയുള്ള വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 12.09.2025ലെ 15-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-7 വാർഷിക കണക്ക് പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

RP-33(R) പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളിൽ, ചുവടെ ചേർക്കുന്ന തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഇനം | അക്കൗണ്ട് ഹെഡ്ഡ് | തൻവർഷം ലഭിച്ച ഡെപ്പോസിറ്റ് തുക | |
|---|---|---|---|---|
| | | | വാർഷിക കണക്ക് പ്രകാരം | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം |
| 1 | Contractors Retention | 340100301 | 2,91,430/- | 4,03,549/- |
| 2 | Road Cutting Deposit | 340100401 | ഉൾപ്പെടുത്തിയിട്ടില്ല | 6,000/- |

| | | | | |
|---|---|---|---|---|
| 3 | Other Deposits | 340109901 | 6,000/- | 0 |
| 5 | Deposit Received For Halls And Auditoriums | 340200106 | 85,000/- | 1,15,000/- |

RP-33(P) പ്രകാരമുള്ള, റീഫണ്ട് ചെയ്ത ഡെപ്പോസിറ്റ് തുകകളിൽ ചുവടെ ചേർക്കുന്ന തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഇനം | അക്കൗണ്ട് ഹെഡ്ഡ് | തൻവർഷം ലഭിച്ച ഡെപ്പോസിറ്റ് തുക | |
|---|---|---|---|---|
| | | | വാർഷിക കണക്ക് പ്രകാരം | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം |
| 1 | Bidder’s EMD | 340100103 | ഉൾപ്പെടുത്തിയിട്ടില്ല | 11,525/- |
| 2 | Contractors Security Deposit | 340100201 | 23,050/- | 11,525/- |
| 3 | Rent Deposit | 340200101 | 5,000/- | 0 |
| 5 | Deposit Received For Halls And Auditoriums | 340200106 | 98,750/- | 1,03,750/- |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 12.09.2025ലെ 15-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ILGMS ൽ ചെയ്തിട്ടുള്ള കറക്ഷൻ എൻട്രികൾ മൂലമാണ് മേൽ വ്യത്യാസം വന്നിട്ടുള്ളതെന്നും, ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുകകൾ യഥാർത്ഥമാണെന്നും അറിയിച്ചിട്ടുണ്ട്. വാർഷിക കണക്കുകളും, ഡെപ്പോസിറ്റ് രജിസ്റ്ററും തമ്മിലുള്ള പൊരുത്തക്കേട് പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-8 ബി 9 ഷെഡ്യൂളിലെ തുകകൾ ബന്ധപ്പെട്ടവർക്ക് കൈമാറാതെ ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായി നിലനിർത്തി

ബി9 ഷെഡ്യൂളിലെ, ചുവടെ ചേർക്കുന്ന ഹെഡ്ഡുകളിലെ തുകകൾ ബന്ധപ്പെട്ടവർക്ക് കൈമാറാതെ ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായി നിലനിർത്തിയിട്ടുണ്ട്.

| ക്രമ നം | ഇനം | അക്കൗണ്ട് ഹെഡ്ഡ് | തുക |
|---|---|---|---|
| 1 | Government And Other Dues Payable- River Management Fund | 350300107 | 12,000/- |
| 2 | Government And Other Dues Payable- Royalty | 350300108 | 31,887/- |
| 3 | Government And Other Dues Payable- Audit Recovery | 350300110 | 1,63,153/- |
| 4 | Government And Other Dues Payable- Flood Cess | 350300111 | 6,607/- |

| | | | |
|---|---|---|---|
| 5 | Government And Other Dues Payable- Others | 350300199 | 67,998/- |
| 6 | Refund Of Unutilised Grants- Prior Period | 350400999 | 6,56,671/- |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 12.09.2025ലെ 15-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ, പ്രസ്തുത തുക മുൻകാലങ്ങളിൽ കൈമാറാതിരുന്ന തുകയാണ് എന്നാണ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത തുകകൾ ബന്ധപ്പെട്ടവർക്ക് കൈമാറാതെ ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായി നിലനിർത്തുന്നത് ക്രമവിരുദ്ധമാണ്. തുക ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-9 അഡ്വാൻസ് രജിസ്റ്റർ ക്രമപ്രകാരം പരിപാലിച്ചിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ ക്രമപ്രകാരം പരിപാലിച്ചിട്ടില്ല. അഡ്വാൻസുകൾ അനുവദിച്ച തീയതി മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ആയത് ക്രമീകരിച്ച തീയതിയോ വൗച്ചർ നമ്പരോ രേഖപ്പെടുത്തിയിട്ടില്ല. നിശ്ചിത സമയ പരിധിക്കുള്ളിൽ മുൻകൂറുകൾ ക്രമീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 12.09.2025ലെ 15-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ, ഏതാനും വൗച്ചർ നമ്പറുകൾ രേഖപ്പെടുത്തിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. മുഴുവൻ വൗച്ചർ നമ്പറുകളും രേഖപ്പെടുത്തി അഡ്വാൻസ് രജിസ്റ്റർ ക്രമപ്രകാരം തയ്യാറാക്കി അറിയിക്കേണ്ടതാണ്.

## 1-1-10 കാലഹരണപ്പെട്ട ഇലക്ഷൻ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല

ഗ്രാമപഞ്ചായത്തിൽ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി-7 പ്രകാരം 30,500/-രൂപ അവശേഷിക്കുന്നുണ്ട്. 2020 ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാനാർത്ഥികൾ ഡെപ്പോസിറ്റ് ചെയ്ത തുകയാണിത്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ - 53 പ്രകാരം ഒരു മണ്ഡലത്തിലെ തിരഞ്ഞെടുപ്പിന് വേണ്ടി ഓരോ സ്ഥാനാർത്ഥിയും നിർണ്ണയിക്കപ്പെട്ട തുക കെട്ടിവെക്കേണ്ടതാണ്. സെക്ഷൻ – 144 (2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് 3 മാസത്തിനകം നിക്ഷേപിച്ച തുക സ്ഥാനാർത്ഥിക്ക് അപേക്ഷ നൽകുന്ന പക്ഷം തിരികെ നൽകാവുന്നതാണ്. ഇപ്രകാരം സമയപരിധിക്കുള്ളിൽ അപേക്ഷ ലഭ്യമാകാത്ത പക്ഷം മേൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടാവുന്നതാണ്. എന്നാൽ ഇപ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ തുക മുതൽകൂട്ടിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം: 15/12.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകകൾ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-11 കാലാവധി കഴിഞ്ഞ ചെക്ക് സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

തിരുനെല്ലി സർവ്വീസ് സഹകരണ ബാങ്ക് (TNLY10001001000248) അക്കൗണ്ടിൽ 18.05.2023 തീയതി ഇഷ്യൂ ചെയ്തിട്ടുള്ള 2,750 രൂപയുടെ 218035 നമ്പർ ചെക്ക് 2024-25 സാമ്പത്തിക വർഷാവസാനമായിട്ടും സ്റ്റെയിൽ ചെക്ക് ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( എൻക്വയറി നം: 15/12.09.2025 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്

## 1-1-12 3 വർഷം മുൻപ് ബാങ്ക് അക്കൗണ്ടിൽ നിന്നും ഡെബിറ്റ് ചെയ്ത തുക നാളിതു വരെ ക്രമീകരിച്ചിട്ടില്ല.

ഐ.സി.ഐ.സി.ഐ ബാങ്കിലെ 075701001717 നമ്പർ അക്കൗണ്ടിൽ നിന്നും 03-10-2022 തീയതി 316,800 രൂപ ഡെബിറ്റ് ചെയ്തിട്ടുണ്ട്. ആയത് “Directly Debited By Bank” എന്നാണ് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തി കാണുന്നത്. മേൽ തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-13 ബെനഫിഷ്യറി കോൺട്രിബ്യൂഷൻ ചെലവഴിക്കാതെ ബാക്കി നിൽക്കുന്നു

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് B4 പ്രകാരം 320800101 എന്ന ഹെഡ്ഡിൽ ബെനഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിൽ 226,272 രൂപ നീക്കിയിരിപ്പ് ഉണ്ട്. ഇതിൽ 70,785 രൂപ 2024-25 സാമ്പത്തിക വർഷാരംഭം മുൻബാക്കിയായി ഉണ്ടായിരുന്ന തുകയാണ്. ആയത് നാളിതുവരെ ചെലവഴിച്ചിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-14 തനത് വർഷം ഈടാക്കിയ ലൈബ്രറി സെസ് നാളിതുവരെ സർക്കാരിലേക്ക്

## അടവാക്കിയിട്ടില്ല

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് B9 പ്രകാരം 350300101 എന്ന ഹെഡ്ഡിൽ ലൈബ്രറി സെസ് ഇനത്തിൽ 247,229 രൂപ നീക്കിയിരിപ്പ് ഉണ്ട്. ആയത് നാളിതുവരെ സർക്കാരിലേക്ക് അടവാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-1-15 തനത് ഫണ്ട് അക്കൗണ്ടിൽ ചെക്ക് മുഖേന ഡെപ്പോസിറ്റ് ചെയ്ത തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ല

തനത് ഫണ്ട് അക്കൗണ്ടിൽ ചെക്ക് മുഖേന ഡെപ്പോസിറ്റ് ചെയ്ത തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബാങ്ക് അക്കൗണ്ട് | ചെക്ക്നമ്പർ / തീയതി | തുക |
|---|---|---|---|
| 1 | തിരുനെല്ലി സർവ്വീസ് സഹകരണ ബാങ്ക് (TNLY10001001000248) | 018571/26.10.2020 | 60,000/- |
| 2 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (37110536918) | 1200000009/22.03.2021 | 1,686/- |
| 3 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (37110536918) | 1200000010/22.03.2021 | 96/- |
| 4 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (37110536918) | 1200000006/22.03.2021 | 4,283/- |
| 5 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (37110536918) | 1200000008/22.03.2021 | 2,693/- |
| 6 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (37110536918) | 1220000191/22.03.2023 | 7,50/- |
| 7 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (37110536918) | 1220000205/29.03.2023 | 5,000/- |
| ആകെ | | | 20,508/- |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം 15/12.09.2025 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-1-16 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി, തൊഴിൽനികുതി എന്നിവയ്ക്ക് ലഡ്ജറിൽ വർഷാരംഭത്തിലോ തുടർന്നുള്ള മാസങ്ങളിലോ ഡിമാന്റ് എൻട്രി വരുത്തിയിട്ടില്ല. മറിച്ച്, വർഷാന്ത്യത്തിലാണ് ഡിമാന്റ് ചെയ്തിട്ടുള്ളത്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( എൻക്വയറി നം: 15/12.09.2025 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-1-17 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും ധനകാര്യ പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2024-25 സാമ്പത്തിക

വർഷത്തെ വാർഷിക കണക്കിനോടൊപ്പം മേൽ പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-18 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും, പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| ആകെ ക്യാഷ് ഫ്ലോ | 77,757,817 |
| മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം | 24,401,436 |

## 1-2 ബജറ്റ്

2024-25 വർഷത്തെ ബജറ്റ് 21.02.2024 തീയതിയിലെ 1/1-ാം നമ്പർ തീരുമാന പ്രകാരവും, പരിഷ്ക്കരിച്ച ബജറ്റ് 25.02.2025ലെ 1/1 -ാം തീരുമാന പ്രകാരവും അംഗീകരിച്ചു.

| | ബജറ്റ് | പരിഷ്ക്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 4043956 | 4043956 |
| തൻവർഷ വരവ് | 619553612 | 642645994 |
| ആകെ | 623597568 | 646689950 |
| ചെലവ് | 620272950 | 643445332 |
| നീക്കിയിരിപ്പ് | 3324618 | 3244618 |

## 1-3 സാമ്പത്തിക നില

ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക നില സംബന്ധിച്ച വിവരം (റസീപ്റ്റ് & പേയ്മെന്റ് റിപ്പോർട്ട് പ്രകാരം) ചുവടെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 30186430 |
| വരവ് | 114976355 |
| ആകെ | 145162785 |
| ചെലവ് | 90574919 |
| നീക്കിയിരിപ്പ് | 54587866 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ ഫണ്ട് വിനിയോഗം സംബന്ധിച്ച് ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | ഒ.ബി | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | സി.ബി/ ലാപ്സ്ഡ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | -- | 49561684 | 49561684 | 47995037 | 1566647 |
| വികസന ഫണ്ട്-എസ്.സി.പി | -- | 1533798 | 1533798 | 543802 | 989996 |
| വികസന ഫണ്ട്- ടി.എസ്.പി | -- | 35196087 | 35196087 | 36176405 | -980318 |
| മെയിന്റനൻസ്, റോഡ് | -- | 34411000 | 34411000 | 27347377 | 7063623 |
| മെയിന്റനൻസ്, നോൺ-റോഡ് | -- | 13181000 | 13181000 | 10363562 | 2817438 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ | -- | 20703849 | 20703849 | 3699345 | 17004504 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ് ബേസിക് ഗ്രാന്റ് (TIED) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് പെർഫോമൻസ് ഗ്രാന്റ്(UN TIED) | -- | 8984305 | 8984305 | 1455614 | 7528691 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫണ്ടിനം | വാർഷിക കണക്ക് പ്രകാരമുള്ള ചെലവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് | വ്യത്യാസം |
|---|---|---|---|---|
| 1 | വികസന ഫണ്ട്-ജനറൽ | 49755075 | 47995037 | 17,60,038 |
| 2 | വികസന ഫണ്ട്-എസ്.സി.പി | 543802 | 543802 | 0 |
| 3 | വികസന ഫണ്ട്- ടി.എസ്.പി | 36176405 | 36176405 | 0 |
| 4 | മെയിന്റനൻസ്, റോഡ് | 27347377 | 27347377 | 0 |
| 5 | മെയിന്റനൻസ്, നോൺ-റോഡ് | 10363562 | 10363562 | 0 |
| 6 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബേസിക് ഗ്രാന്റ് (TIED) | 2285614 | 3699345 | -14,13,731 |
| 7 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് പെർഫോമൻസ് ഗ്രാന്റ്(UN TIED) | 3699345 | 1455614 | 22,43,731 |

അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

2024-25 കാലയളവിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ കൊടുക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 342 | 40,45,12,753 | 217 | 18,80,67,371 | 0 | 125 | 63.4% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 06 | 06 | 1,05,75,000 | 84,98,032 | 80.35% |
| വെറ്ററിനറി സർജ്ജൻ | 09 | 09 | 25,39,910 | 15,05,840 | 59.29% |
| മെഡിക്കൽ ഓഫീസർ സി എച്ച് സി | 25 | 20 | 81,69,629 | 55,48,115 | 67.91% |
| മെഡിക്കൽ | 02 | 02 | 2,25,000 | 2,11,582 | 94.04% |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ ഹോമിയോ | | | | | |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 02 | 02 | 10,50,000 | 10,22,000 | 97.33% |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01 | 01 | 20,000 | 8,000 | 40% |
| വി ഇ ഒ | 12 | 12 | 18,59,85,892 | 5,87,05,337 | 31.56% |
| ഐ സി ഡി എസ് സൂപ്പർ വൈസർ | 11 | 09 | 1,16,78,250 | 73,60,267 | 63.03% |
| സെക്രട്ടറി | 50 | 33 | 2,59,31,836 | 1,27,20,464 | 49% |
| ഹെഡ് മാസ്റ്റർ | 15 | 14 | 60,00,850 | 48,37,093 | 80.61% |
| അസി.എഞ്ചിനീയർ | 194 | 97 | 13,41,11,422 | 6,69,32,341 | 49.9% |
| ഡയറി ഫാം ഇൻസ്പെക്ടർ | 03 | 03 | 1,20,75,620 | 88,79,913 | 73.5% |
| അസി.സെക്രട്ടറി | 12 | 09 | 61,49,344 | 44,95,956 | 73.1% |
| ആകെ | 342 | 217 | 40,45,12,753 | 18,07,24,940 | 44.7% |

സുലേഖ പത്രികയിൽ ജി. ഒ. പ്രോജക്ടുകളിൽ അടങ്കൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 24,76,622 | 24,76,622 | 24,76,622 | 0 |
| തൊഴിലാളികൾക്ക് നേരിട്ട് നൽകുന്നത്, മെറ്റീരിയൽസ് ഉൾപ്പടെ | 0 | 10,59,99,636 | 10,59,99,636 | 10,59,99,636 | 0 |
| **ആകെ** | 0 | 10,84,76,258 | 10,84,76,258 | 10,84,76,258 | 0 |

ക്യാഷ് ബുക്ക് പ്രകാരമുള്ള വരവാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്. ഈ വിവരങ്ങൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | ആകെ വരവ്(I6) | ചെലവ് I-14(c)+I-14(f) | വ്യത്യാസം |
|---|---|---|---|
| വാർഷിക കണക്ക് പ്രകാരം | 10,84,57,902 | 10,32,93,127 | 51,64,775 |

വരവും ചെലവും തമ്മിലുള്ള 51,64,775 രൂപയുടെ വ്യത്യാസം ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് ചെലവഴിച്ച തുകയാണ് എന്ന് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാലൻസ് ഷീറ്റിൽ കാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 28,22,000 | 2677 |
| വിധവാപെൻഷൻ | 2,87,13,000 | 1819 |
| വാർദ്ധക്യകാലപെൻഷൻ | 320,87,200 | 2205 |
| ഭിന്നശേഷി പെൻഷൻ | 56,67,500 | 5286 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 60,000 | 2 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത പെൻഷൻ | 6,14,400 | 578 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10/09/2025 ന് 02.50 P.M ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,479 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനവുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

തൻവർഷം ഓഫീസ് മീറ്റിംഗുകൾ ചേർന്നതിൽ ഓഫീസ് പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നതിൽ വീഴ്ചയുണ്ട്. പ്രതിമാസം ഓഫീസ് പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഫീസ് ഉത്തരവുകൾ വഴി ചുമതലാ ക്രമീകരണം നടത്തുന്നുണ്ട് .

**കണ്ടിജന്റ് രജിസ്റ്റർ**

കണ്ടിന്റ് രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല. രജിസ്റ്ററിൽ എല്ലാ കണ്ടിജന്റ് ചെലവുകളും രേഖപ്പെടുത്താത്തതിനാൽ ചെലവുകളുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല. തുടർ ചെലവുകൾ വരുന്ന ഇനങ്ങളുടെ കാര്യത്തിൽ കണ്ടിജന്റ് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കേണ്ടതും ചെലവുകളുടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

**സ്റ്റോക്ക് രജിസ്റ്റർ**

സ്റ്റോക്ക് രജിസ്റ്ററുകൾ നിശ്ചിത മാതൃകയിൽ സൂക്ഷിക്കേണ്ടതും സാമ്പത്തിക വർഷാവസാനം വാർഷിക സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തി സെക്രട്ടറി/ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്.

**ആസ്തി രജിസ്റ്റർ**

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തികൾ സൃഷ്ടിക്കപ്പെടുന്ന മുറക്കു തന്നെ അപ്ഡേഷൻ വരുത്താൻ ശ്രദ്ധിക്കേണ്ടതും ആസ്തി മൂല്യം സംബന്ധിച്ച കൃത്യമായ കണക്കുകൾ തയ്യാറാക്കേണ്ടതും ഡിപ്രീസിയേഷൻ കണക്കുകൾ ആസ്തിക്ക് അനുസൃതമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

ആർ ട്രാക്ക് സംവിധാനം വഴി ഗ്രാമപഞ്ചായത്തിലെ റോഡുകളുടെ മാപ്പിംഗ് നടത്തി റോഡുകൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമാക്കേണ്ടതാണ്. ഫീൽഡ് പരിശോധന വഴി മറ്റ് ആസ്തികളുടെ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്താവുന്നതാണ്.

**വസ്തു നികുതി പരിഷ്ക്കരണം**

വസ്തു നികുതി പരിഷ്ക്കരണത്തിന്റെ ഭാഗമായുള്ള ഫീൽഡ് തല സർവ്വേ നാളിതുവരെയായി പൂർത്തിയക്കുന്നതിന് കഴിഞ്ഞിട്ടില്ല. സർവ്വേ എത്രയും പെട്ടെന്ന് പൂർത്തിയാക്കേണ്ടതും അനധികൃത കൂട്ടിയെടുപ്പുകളും നിർമ്മാണങ്ങളും കണ്ടെത്തി വസ്തുനികുതിയിനത്തിലുള്ള നഷ്ടം ഒഴിവാക്കേണ്ടതാണ്.

**വാർഷികകണക്കുകൾ**

വാർഷികകണക്കുകൾ തയ്യാറാക്കുന്നതിലെ വീഴ്ച ഖണ്ഡിക 1-1-1 മുതൽ 1-1-18 വരെയുള്ള ഖണ്ഡികകളിൽ കൊടുത്തിട്ടുണ്ട്.

**ഹരിതകർമ്മസേന**

ഹരികർമ്മസേന കണക്കുകൾ തയ്യാറാക്കുന്നതിലും പ്രവർത്തനങ്ങളിലും വളരെയേറെ മാറ്റങ്ങൾ വരുത്താനുണ്ട്.

**തെരുവുവിളക്കുകളും തെരുവുടാപ്പുകളും**

തെരുവുവിളക്കുകളും തെരുവുടാപ്പുകളും സംബന്ധിച്ച രേഖകൾ ശരിയായി സൂക്ഷിച്ചിട്ടില്ല. രണ്ടിനങ്ങളിലും സംയുക്തപരിശോധന നടത്തി അടക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

## 1-10 ഫെസ്റ്റിവൽ അഡ്വാൻസ്, ടൂർ ട്രാവലിംഗ് അഡ്വാൻസ് തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

അഡ്വാൻസ് രജിസ്റ്റർ പ്രകാരം, ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് അനുവദിച്ച ഫെസ്റ്റിവൽ അഡ്വാൻസ് നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല.

| ക്രമ നം | ജീവനക്കാരുടെ പേര് | ജീവനക്കാരുടെ തസ്തിക | തുക അനുവദിച്ച തീയതി | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1 | സെയ്തലവി വി.കെ | ക്ലർക്ക് | 06.07.2022 | 4,000/- |
| 2 | നിഖില.കെ | ക്ലർക്ക് | 02.09.2023 | 16,000/- |
| ആകെ | | | | 20,000/- |

കൂടാതെ, ടൂർ ട്രാവലിംഗ് അഡ്വാൻസ് തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ/ജനപ്രതിനിധിയുടെ പേര് | തുക അനുവദിച്ച തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | എൻ.എ.ജയരാജൻ (അസി.സെക്രട്ടറി) | 2002-03 (തീയതി ലഭ്യമല്ല) | 2,930/- |
| 2 | ഹമീദലി (മെമ്പർ) | 2002-03 (തീയതി ലഭ്യമല്ല) | 750/- |
| 3 | സാലി വർഗ്ഗീസ് (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപെഴ്സൺ) | 2018-19 (തീയതി ലഭ്യമല്ല) | 1,000/- |
| 4 | പി.വി.ബാലകൃഷ്ണൻ (വൈസ് പ്രസിഡണ്ട്) | 2019-20 (തീയതി ലഭ്യമല്ല) | 1,250/- |
| 5 | ഗോപി.വി.എ (മെമ്പർ) | 2019-20(തീയതി ലഭ്യമല്ല) | 1,250/- |

| | | | |
|---|---|---|---|
| ആകെ | | | 7,180/- |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം: 15/ 12.09.2025 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകകൾ GO(P) No.197/13/Fin തീയതി 30.04.2013 അനുസരിച്ച് 18% പിഴ പലിശ സഹിതം തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-11 ആസ്തിരജിസ്റ്റർ കാലികമാക്കിയതായോ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയതായോ കാണുന്നില്ല.

സ.ഉ.(കൈ) നം.84/തസ്വഭവ തീയതി. 19.04.2022 പ്രകാരമുള്ള പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 6.8 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടകസ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട് എന്നും നിഷ്കർഷിക്കുന്നുണ്ട്. ഇതിനായി ആസ്തികളുടെ സംരക്ഷണത്തിന് മതിയായ പ്രാധാന്യം നൽകി പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ചു കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്. പഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (എൻക്വയറി നം: 18/17.09.25) മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 1-12 ആയുർവേദമരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.

തൻവർഷം ഗ്രാമപഞ്ചായത്തിലെ ഡിസ്പെൻസറികളിലേക്ക് ആയുർവേദമരുന്നുകൾ വാങ്ങുന്നതിന് ഔഷധിയിൽ തുക മുൻകൂർ നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. പദ്ധതി വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 181/25 |
| പ്രോജക്ടിന്റെ പേര് | തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ എൻ എച്ച് എം ആയുർവേദഡിസ്പൻസറി,ആലത്തൂർ ഗവ.ആയുർവേദ ഡിസ്പൻസറി എന്നിവിടങ്ങളിലേക്ക് സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് മരുന്ന് വാങ്ങൽ |
| അടങ്കൽ | 10,00,000 (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) |
| ചെലവ് | 10,00,000 |
| ബിൽ നം | 24180452016901246856/29.01.25 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |

തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ എൻ എച്ച് എം ആയുർവേദഡിസ്പൻസറി,ആലത്തൂർ ഗവ.ആയുർവേദ ഡിസ്പൻസറി എന്നിവിടങ്ങളിലേക്ക് മരുന്നു വാങ്ങുന്നതിനായി 2024-25 സാമ്പത്തിക വർഷം മേൽ പ്രകാരം പദ്ധതി തയ്യാറാക്കുകയും , എൻ.എ.സിയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന രീതിയിൽ തുക മരുന്ന് വിതരണം ചെയ്യുന്നതിന് സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

| ക്രമനമ്പർ | സ്ഥാപനം | വിതരണസ്ഥാപനം | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | എൻ എച്ച് എം ആയുർവേദഡിസ്പൻസറി, | ഔഷധി | ₹5,00,000 | 498804 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്.1196 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| 2 | ആലത്തൂർ ഗവ.ആയുർവേദ ഡിസ്പൻസറി | പാട്യം സോഷ്യൽ സർവീസ് സൊസൈറ്റി | ₹92,090 | മരുന്ന് ലഭിച്ചു |
| | | ഔഷധി | ₹4,07,910 | 386291 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്.21619 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. |

അതായത് ആകെ 22,815 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പ് (എൻക്വയറി നം: 14/12.09.2025 ) പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഔഷധിക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. ലഭിക്കാത്ത മരുന്നുകളുടെ വില 22815രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-13 ഹോമിയോ മരുന്നു പൂർണ്ണമായും ലഭിച്ചില്ല.

ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് തുക ഹോംകോയിലേക്ക് തുക നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 21/25 |
| പ്രോജക്ടിന്റെ പേര് | ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹ 2,00,000 (മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) |
| ചെലവ് | ₹ 2,00,000 |
| ബിൽ നം | 01/24-25/ 27/01/25 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |

തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു് വാങ്ങുന്നതിനായി 2024-25 സാമ്പത്തിക വർഷം മേൽ പ്രകാരം പദ്ധതി തയ്യാറാക്കുകയും, എൻ.എ.സിയുടെ അടിസ്ഥാനത്തിൽ ഹോംകോയുടെ അക്കൗണ്ട് നമ്പർ 34306403911, IFSC SBIN 0012873 ലേക്ക് 2,00,000/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ 194852.55 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 5147.45 രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പ് ( എൻക്വയറി നം: 13/11.09.25 ) പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മെഡിക്കൽ ഓഫീസർ നൽകിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. 5147.45 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഹോമിയോ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-14 സമയബന്ധിതമായി ലേലം നടത്താത്തതിനാൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം

പഞ്ചായത്ത് ഭരണസമിതിയുടെ 3/18.07.24 തീരുമാനപ്രകാരം, പാൽവെളിച്ചം ജി.എൽ.പി.എസ് പൊളിച്ചുമാറ്റിയതിലൂടെ ലഭ്യമായ ഉപയോഗ ശൂന്യമായ വസ്തുക്കൾ ലേലംചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ട്.

ആയത് പ്രകാരമുള്ള വിവരങ്ങൾ ഇപ്രകാരമാണ്. സാധനങ്ങൾക്ക് 108155/- രൂപയുടെ വാല്യുവേഷൻ ലഭ്യമായത് 12.10.2023 ന് ഭരണ സമിതി അംഗീകരിച്ചതാണ്. 25.11.2023 ന് ലേലം നടത്തുകയും ആരും പങ്കെടുക്കാത്തതിനാൽ 12.03.2024 പുനർ ലേലം നടത്തുകയും ചെയ്തു. 12.03.2024 ന് നടന്ന ലേലത്തിലും ആരും പങ്കെടുത്തിട്ടില്ല. ഹെഡ് മാസ്റ്റർ നൽകിയിരിക്കുന്ന കത്തിൽ മരങ്ങൾ മഴ നനഞ്ഞ് ചിതലെടുത്തും പൂപ്പൽ പിടിച്ചും മരങ്ങൾ നാശമായിട്ടുണ്ടെന്നും വാല്യുവേഷൻ കുറച്ച് തരണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. വിഷയം സംബന്ധിച്ച് ചർച്ചചെയ്തു സ്കൂൾ കോമ്പൌണ്ടിൽ പോയി മരങ്ങളുടെ നിലവിലെ അവസ്ഥ

പരിശോധിച്ച് റീവാല്യുവേഷൻ നൽകുന്നതിന് എ.ഇ യെ ചുമതലപ്പെടുത്തിയും പരിശോധന ടീമിൽ വാർഡ് മെമ്പറായ ശ്രീമതി വത്സലകുമാരിയെയും, സെക്രട്ടറിയെയും, ഹെഡ്മാസ്റ്ററെയും ഉൾപ്പെടുത്തുന്നതിനും മേൽ തീരുമാനപ്രകാരം തീരുമാനിച്ചിരുന്നു. റീവാല്യുവേഷൻ അടിയന്തിരമായി ലഭ്യമാക്കി നിലവിലുള്ള മരങ്ങളും മറ്റ് അനുബന്ധ സാധനങ്ങളും നിബന്ധനകൾ പാലിച്ച് കൊണ്ട് ലേലം ചെയ്യുന്നതിന് ഹെഡ് മാസ്റ്ററെ ചുമതലപ്പെടുത്തിയും തീരുമാനിച്ചിരുന്നു. നിലവിലും ഈ ലേലം നടന്നതായി കാണുന്നില്ല. കൂടാതെ പഞ്ചായത്ത് ഭരണസമിതി 11.03.2025ലെ രണ്ടാം നമ്പർ തീരുമാന പ്രകാരം, തോൽപ്പെട്ടി ഉന്നതിയിൽ പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥലത്തെ തേക്കുമരങ്ങൾ ലേലം ചെയ്യാനും തീരുമാനിച്ചിരുന്നു. എന്നാൽ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പ് ( എൻക്വയറി നം: 23/17.09.2025 ) പ്രകാരം ലേലത്തിന്റെ തുടർനടപടികൾ അന്വേഷിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്. ലേലം നടന്നതിന്റെ തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-15 റൂറൽ ഹൗസിംഗ് ലോൺ-രേഖകൾ സൂക്ഷിക്കുന്നതിൽ അപാകതകൾ

ഗ്രാമപഞ്ചായത്ത് 2016-17 വർഷം ഭവനിനിർമ്മാണവുമായി ബന്ധപ്പെട്ട് തിരുനെല്ലി സർവീസ് സഹകരണബാങ്കിൽ നിന്നും എടുത്ത ലോൺ തിരിച്ചടവിനായി തൻവർഷം 48,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.രേഖകൾ പരിശോധിച്ചതിൽ ലോൺ രജിസ്റ്ററും രേഖകളും സൂക്ഷിച്ചതിൽ അപാകതകൾ വന്നിട്ടുണ്ട്.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 217/25 |
| പ്രോജക്ടിന്റെ പേര് | റൂറൽ ഹൗസ് ലോൺ -മുതലും പലിശയും തിരിച്ചടവ് |
| അടങ്കൽ | ₹ 50,00,000 (തനതുഫണ്ട്) |
| ചെലവ് | ₹ 48,50,000(തനതുഫണ്ട്)-<br>ചെക്ക് നമ്പർ-521653/23.05.25-24,00,000<br>ചെക്ക് നമ്പർ-52165523.05.25-24,50,000 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ലോൺ സംബന്ധിച്ച് ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു

**1.**ലോൺ അനുവദിച്ചതിന്റെയും എടുത്തതിന്റെയും കരാർ ഉൾപ്പെടുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

**2.**എത്ര വീടുകൾക്ക് വേണ്ടിയാണ് ലോൺ എടുത്തത്, അതിൽ എത്ര പൂർത്തീകരിച്ചു എന്ന വിവരങ്ങൾ ഹാജരാക്കിയില്ല.

**3.**ഓഡിറ്റിന് ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 3,10,00,000/- രൂപ ആണ് ലോൺ അനുവദിച്ചിരിക്കുന്നത്.എന്നാൽ ഇതിൽ എത്ര തുക എടുത്തുവെന്നതിന് രേഖകൾ ഹാജരാക്കിയില്ല.

**4.**മുതൽ ,പലിശ ഇനങ്ങളിൽ എത്ര തുക നാളിതുവരെ തിരിച്ചടച്ചുവെന്ന വിവരവും എത്ര തിരിച്ചടക്കാൻ ബാക്കി നിൽക്കുന്നുവെന്ന വിവരവും ലഭ്യമല്ല. ലോൺ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

**5.**ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 02/04/25 ന് 47,62,762/- രൂപയാണ് തിരിച്ചടക്കാനുള്ളതായി കാണുന്നത്.രജിസ്റ്ററിൽ ഈ വിവരം രേഖപ്പെടുത്തിയിട്ടില്ല.

**6.** ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31/03/22 ന് 42,794/- രൂപ പിഴപ്പലിശയിനത്തിൽ ബാങ്ക് ഈടാക്കിയിട്ടുണ്ട്.ആയത് എന്താണെന്ന് വ്യക്തമാക്കുകയോ ക്രമീകരിക്കുകയോ ചെയ്തിട്ടില്ല.
**7.** പലിശനിരക്ക് എത്രയാണെന്നോ ബാങ്ക് ഈടാക്കിയ പലിശ ശരിയാണോ എന്നോ പരിശോധന നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും (എൻക്വയറി നം: 17/15.09.25) രേഖകളും അധികവിവരങ്ങളും ഹാജരാക്കിയിട്ടില്ല. ലോൺ സംബന്ധിച്ചുള്ള പൂർണ്ണവിവരങ്ങളും അപാകതകൾക്ക്

വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-16 തെരുവുവിളക്ക് റിപ്പയർപദ്ധതി-പദ്ധതിനടത്തിപ്പിൽ അപാകതകൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകൾ റിപ്പയർ ചെയ്യുന്ന പദ്ധതി നടപ്പാക്കിയതിൽ അപാകതകൾ വന്നിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 355/25 |
| അടങ്കൽ | 5,00,000/-തനതുഫണ്ട് |
| ചെലവ് തുക | ₹4,16,448 |
| നിർവഹണം | സെക്രട്ടറി |
| ചെക്ക് നമ്പർ /തീയതി | 521652/25/03/25 |
| പ്രോജക്ട് | തെരുവുവിളക്ക് റിപ്പയർ |

നിലവിലുള്ള തെരുവുവിളക്കുകൾ റിപ്പയർ ചെയ്യുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.കുടുംബശ്രീ വനിതകളുടെ നേതൃത്വത്തിൽ വിവിധജില്ലകളിൽ ആരംഭിച്ച കുടുംബശ്രീകളുടെ സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗ് യൂണിറ്റുകളെഏൽപ്പിക്കുന്നതിനാണ് പദ്ധതിവിഭാവനം ചെയ്തത്.ആയതുപ്രകാരം സ്ട്രീറ്റ് ലൈറ്റ് റിപ്പയർ പദ്ധതിക്ക് ടെണ്ടർ ക്ഷണിക്കുകയും 20 Watts Lamp ന് KREWS എന്ന സ്ഥാപനം 1446/- രൂപയും Friends JLG Group 1550 രൂപയുംക്വോട്ട് ചെയ്തു.

കുറഞ്ഞ തുക ക്വോട്ട് ചെയ്ത KREWS എന്ന സ്ഥാപനത്തെ പരിഗണിക്കാതെ 03/02/24 ന് സെക്രട്ടറിയും Friends JLG Group ഉം തമ്മിൽ വെച്ച കരാർപ്രകാരം ഒരു വിളക്കിന്റെ വില 1550/- രൂപയാണ്.

288 വിളക്കുകൾ സ്ഥാപിച്ചതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ എഗ്രിമെന്റ് തുക നൽകാതെ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ തുക കണക്കാക്കി താഴെപ്പറയുന്ന രീതിയിൽ Friends JLG Group ന് നൽകി

288x1446=416448

(-)2% IT-8329

408119

പദ്ധതി നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഗ്രാമ പഞ്ചായത്തിൽ നിലവിൽ തെരുവ് വിളക്കുകളുടെ എണ്ണം, തരം, സ്ഥാപിച്ച സ്ഥലം എന്നിവ സംബന്ധിച്ച കൃത്യമായ കണക്കുകളില്ല. പദ്ധതി ആസൂത്രണത്തിനു മുമ്പ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പ്രവർത്തനരഹിതമായ തെരുവ് വിളക്കുകളുടെ കണക്കെടുപ്പ് നടത്തിയതായി കാണുന്നില്ല.

2.മുൻവർഷങ്ങളിൽ സ്ഥാപിച്ച ഏതെല്ലാം ലൈറ്റുകളാണ് മാറ്റി സ്ഥാപിച്ചതെന്നോ അത്തരം ലൈറ്റുകളുടെ വാറണ്ടി കാലാവധി സംബന്ധിച്ചോ വിവരം ലഭ്യമല്ല.

3.പ്രവർത്തനക്ഷമമല്ലാത്ത തെരുവ് വിളക്കുകൾ കണ്ടെത്തുന്നതിന് കെ.എസ്.ഇ.ബി.യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ഈ പ്രോജക്ട് പ്രകാരം സ്ഥാപിച്ച 288 വിളക്കുകളുടെ വിവരം മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

4.തെരുവുവിളക്കുകൾ റിപ്പയർ ചെയ്യുന്നതിനാണ് പ്രോജക്ട് എങ്കിലും പുതിയത് സ്ഥാപിച്ചതായാണ് മെമ്പർമാർ സാക്ഷ്യപത്രം നൽകിയത്.ആയതിൽ അവ്യക്തത ഉണ്ട്.

5.തെരുവ് വിളക്ക് രജിസ്റ്ററിൽ വിളക്കുകൾ സ്ഥാപിച്ച പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

6. 288 ബൾബുകൾ സ്ഥാപിച്ചതായി വാർഡ് മെമ്പർമാരുടെ റിപ്പോർട്ട് ഫയലിനൊപ്പം ഹാജരാക്കിയെങ്കിലും ഓരോന്നും പുതിയതായി സ്ഥാപിച്ചവയാണോ/ കേടുപാടുകൾ സംഭവിച്ചത് മാറ്റി സ്ഥാപിച്ചതാണോ എന്ന് വ്യക്തമല്ല. മാത്രമല്ല പ്രൊജക്ട് രൂപീകരിച്ചത് ഓരോ വാർഡിലേയും ആവശ്യകതയ്ക്ക് അനുസരിച്ചാണ് എന്ന് വെളിവാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. പ്രൊജക്ട് ഫയലിനൊപ്പം 253 വിളക്കുകൾ റിപ്പയർ ചെയ്യാനാണ് ലിസ്റ്റ് കാണുന്നത്.വർക്ക് ഓർഡറിൽ എത്ര വിളക്കുകൾ എന്ന് കാണുന്നില്ല. ഇതിൽ നിന്നും

യഥാർത്ഥത്തിലുള്ള ആവശ്യകതയ്ക്കനുസരിച്ചാണോ പ്രൊജക്ട് രൂപീകരിച്ചതെന്നും വ്യക്തമല്ല.

7.ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല.ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി രണ്ടാമത്തെ സ്ഥാപനത്തെ തെരഞ്ഞെടുത്തപ്പോൾ ആദ്യത്തെ സ്ഥാപനത്തെ എന്തുകൊണ്ട് ഒഴിവാക്കി എന്ന് സ്ഥാപനത്തെ അറിയിക്കുകയോ ഭരണസമിതി തീരുമാനത്തിൽ വ്യക്തമാക്കുകയോ ചെയ്തിട്ടില്ല.

8. 18/11/23ലെ 6(1) നമ്പർ ഭരണസമിതി തീരുമാനത്തിലാണ് Friends JLG Group നെ അംഗീകരിച്ചത് .പ്രസ്തുത തീരുമാനത്തിൽ തന്നെ മറ്റ് സ്ഥാപനങ്ങളുടെ റേറ്റ് കാണിച്ചിട്ടുമുണ്ട്.എന്നിരുന്നിട്ടും കൂടിയ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ കാരണം വ്യക്തമല്ല.പ്രോക്വയർമെന്റ് കമ്മിറ്റി ഈ വാങ്ങൽ സംബന്ധിച്ച് തീരുമാനം എടുത്തതായി കാണുന്നില്ല.

9. തെരുവുവിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് ലൈസൻസ് ഉണ്ടോയെന്ന് ഫയലിൽ രേഖകൾ സമർപ്പിച്ചിട്ടില്ല.

10.തെരുവുവിളക്കുകളുടെ വാറന്റി സംബന്ധിച്ച് വിതരണക്കാരനുമായി കരാർ വെച്ചിട്ടില്ല.

11.തെരുവു വിളക്കുകളെ സംബന്ധിച്ച പരാതികൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും നോഡൽ ഓഫീസർ അത് പരിശോധിച്ച് നടപടിയെടുക്കേണ്ടതുമാണെങ്കിലും അത്തരം നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

12.സ്ഥാപിച്ച വിളക്കുകളിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുവെന്ന് പരിശോധിച്ചതായി കാണുന്നില്ല.

13.റിപ്പയർ ആണ് നടത്തിയതെങ്കിൽ ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടു വന്ന് രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റംസ് എന്ന രജിസ്റ്റ റിൽ ചേർക്കേണ്ടതുമായിരുന്നു.

14. ഒരു മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയതിന്റെ കൃത്യത സെക്രട്ടറി ഉറപ്പാക്കേണ്ടതുമായിരുന്നു.
15. തെരുവുവിളക്കുകളുടെ മെയിന്റനൻസ് നടന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തിയതായി കാണുന്നില്ല.
അപാകതകൾക്ക് വിശദമായ മറുപടിയും അധികവിവരങ്ങളും ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (എൻക്വയറി നം: 20/17.09.25 ) പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി നൽകുകയോ, വിവരങ്ങൾ ലഭ്യമാക്കുകയോ ചെയ്തില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാത്തതിനാലും രേഖകൾ ലഭ്യമാക്കാത്തതിനാലും 4,16,448/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് അടക്കുന്നതിൽ അപാകതകൾ

ഗ്രാമപഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുനതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് .(എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ).

ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയതായോ പഞ്ചായത്തും കെ.എസ്.ഇ.ബി. യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ നിജസ്ഥിതി തിട്ടപെടുത്തി രജിസ്റ്റർ കാലികമാക്കിയതായോ കാണുന്നില്ല.2024-25 വർഷം സ്ഥാപിച്ചതായി പറയുന്ന 288 വിളക്കുകളുടെ വിവരം മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ വിളക്കുകൾക്ക് 2024-25വർഷം വൈദ്യുതിചാർജ്ജ് അടച്ചിട്ടുമില്ല.സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഏതൊക്കെ ഇനം,എത്ര എണ്ണം വിളക്കുകൾ നിലവിലുണ്ടെന്നും ഏതൊക്കെ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടുണ്ട് എന്നും പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 459613/- രൂപ തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജിനത്തിൽ തൻവർഷം അടവാക്കിയിട്ടുണ്ട്. ഈ തുക ഏതൊക്കെ തെരുവുവിളക്കുകളുടെ തുക ആണെന്നുള്ള യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണക്കുറിപ്പ് (എൻക്വയറി നം: 22/17.09.25) പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.

തൻവർഷം തെരുവുവിളക്കുകളുടെ ചാർജ്ജ് അടച്ചതിന്റെ വിവരങ്ങൾ ഇപ്രകാരമാണ്.

| ക്രമനമ്പർ | വൗച്ചർനമ്പർ /തീയതി | കാലയളവ് | തുക |
|---|---|---|---|
| 1 | 42400040/09.04.24 | 03/24 | 34477 |
| 2 | 42400090/13.05.24 | 04/24 | 32929 |
| 3 | 42400158/24.06.24 | 05/24 | 44617 |
| 4 | 42400246/19.07.24 | 06/24 | 39905 |
| 5 | 42400329/22.08.24 | 07/24 | 37165 |

| | | | |
|---|---|---|---|
| 6 | 42400425/24.09.24 | 08/24 | 38498 |
| 7 | 42400516/28.10.24 | 09/24 | 36962 |
| 8 | 42400584/26.11.24 | 10/24 | 41829 |
| 9 | 42400676/21.12.24 | 11/24 | 37991 |
| 10 | 42400731/17.01.25 | 12/24 | 40780 |
| 11 | 42400804/17.02.25 | 01/25 | 38736 |
| 12 | 42400868/12.03.25 | 02/25 | 35724 |
| | ആകെ | | 459613 |

കെ.എസ്.ഇ.ബി. യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ നിജസ്ഥിതി തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെയും മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 4,59,613 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 തെരുവുടാപ്പുകളുടെ വെള്ളക്കരം അടക്കുന്നതിന്റെ കൃത്യത ഉറപ്പാക്കുന്നില്ല.

തൻവർഷം തെരുവുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 42,60,937 രൂപ വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്.

ഓഡിറ്റിന് ഹാജരാക്കിയ തെരുവുടാപ്പുകളുടെ രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി തെരുവുടാപ്പുകളുടെ പ്രവർത്തനക്ഷമത രേഖപ്പെടുത്തി രജിസ്റ്റർ കാലികമാക്കിയതായി കാണുന്നില്ല.ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററിൽ പല ടാപ്പുകളും “Not Working” എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ഇത് സംയുക്തപരിശോധനയുടെ ഫലമായുള്ള രേഖപ്പെടുത്തൽ ആണോ എന്ന് ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രവർത്തിക്കുന്ന ടാപ്പുകൾക്ക് തന്നെയാണോ തുക അടക്കുന്നത് എന്നും വ്യക്തമല്ല. ടാപ്പുകളുടെ സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകൾക്കാണ് തുക അടക്കുന്നതെങ്കിൽ ആയതിന്റെയും മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരം പരിശോധനക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (എൻക്വയറി നം: 25/18.09.2025) പ്രകാരം ആവശ്യപ്പെട്ടെങ്കിലും വിവരങ്ങൾലഭ്യമാക്കിയില്ല.

തൻവർഷം തെരുവുടാപ്പുകളുടെ വെള്ളക്കരം അടച്ചതിന്റെ വിവരങ്ങൾ ഇപ്രകാരമാണ്.

| ക്രമനമ്പർ | വൗച്ചർനമ്പർ /തീയതി | കാലയളവ് | തുക |
|---|---|---|---|
| 1 | 42400050/17.04.24 | 03/24 | 357909 |
| 2 | 42400094/15.05.24 | 04/24 | 357909 |
| 3 | 42400156/21.06.24 | 05/24 | 357909 |
| 4 | 42400262/14.07.24 | 06/24 | 357909 |
| 5 | 42400334/22.08.24 | 07/24 | 357909 |
| 6 | 42400430/27.09.24 | 08/24 | 357909 |
| 7 | 42400494/16.10.24 | 09/24 | 357909 |
| 8 | 42400559/16.11.24 | 10/24 | 357909 |
| 9 | 42400679/23.12.24 | 11/24 | 357909 |
| 10 | 42400734/17.01.25 | 12/24 | 357909 |
| 11 | 42400806/17.02.25 | 01/25 | 357909 |
| 12 | 42400894/15.03.25 | 02/25 | 323938 |
| | ആകെ | | 4260937 |

ടാപ്പുകളുടെ സംയുക്തപരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകൾക്കാണ് തുക അടക്കുന്നതെന്ന് ഉറപ്പാക്കി അറിയിക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 4260937 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 തുറമ്പൂർ എന്ന സ്ഥലത്ത് മോട്ടോർ സ്ഥാപിക്കൽ-ആസ്തിരജിസ്റ്ററിൽ ഉൾപ്പെടാത്ത പദ്ധതി

ഗ്രാമപഞ്ചായത്ത് തൻവർഷം തുറമ്പൂർ എന്ന സ്ഥലത്ത് മോട്ടോർ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കിയെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കുടിവെള്ളപദ്ധതിക്കാണോ മോട്ടോർ സ്ഥാപിച്ചത് എന്ന്

വ്യക്തമല്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 446/25 |
| പ്രോജക്ടിന്റെ പേര് | തുറമ്പൂർ എന്ന സ്ഥലത്ത് മോട്ടോർ സ്ഥാപിക്കൽ |
| അടങ്കൽ | 1,50,000/- (ധനകാര്യകമ്മീഷൻ അവാർഡ്) |
| ചെലവ് | 94,826/-(ധനകാര്യകമ്മീഷൻ അവാർഡ്)<br>വൗച്ചർ നമ്പർ-XVFC/2025-26/P3/3/16/04/25 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

തുറമ്പൂർ എന്ന സ്ഥലത്ത് മോട്ടോർ സ്ഥാപിക്കുന്നതിനായി മേൽപദ്ധതി പ്രകാരം റെയ്ഡ്കോയിൽ നിന്ന് മോട്ടോർ വാങ്ങി.മുൻപുണ്ടായിരുന്ന മോട്ടോർ കേടായതിനാലാണ് പുതിയ മോട്ടോറിന് പ്രോജക്ട് വെച്ചത് എന്ന് വാക്കാൽ അറിയിച്ചിട്ടുണ്ടെങ്കിലും കുടിവെള്ള പദ്ധതി സംബന്ധിച്ച വിവരങ്ങളോ ,ആയതിന്റെ ഉടമസ്ഥത സംബന്ധിച്ച വിവരങ്ങളോ ഫയലിൽ ഇല്ല. ആസ്തിരജിസ്റ്ററിലും ഈ പദ്ധതി കാണുന്നില്ല. മോട്ടോറിന്റെ ആവശ്യകത സംബന്ധിച്ച് ഗുണഭോക്തൃസമിതി ആവശ്യപ്പെട്ടതായും കാണുന്നില്ല.

കുടിവെള്ള പദ്ധതിയുടെ പൂർണ്ണവിവരങ്ങളും മുൻപ് ഈ പദ്ധതിക്കായി മോട്ടോർ ഉണ്ടായിരുന്നോ എന്ന വിവരവും, പദ്ധതിയുടെ ഉടമസ്ഥാവകാശരേഖകളും ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് ( എൻക്വയറി നം: 19/17.09.25) പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടിനൽകിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 94,826 /- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ ഭവനനിർമ്മാണപദ്ധതികൾ പരിശോധിച്ചതിൽ 2024-25 വർഷം തുക അനുവദിച്ച താഴെപ്പറയുന്ന ഭവനനിർമ്മാണങ്ങൾ പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമനമ്പർ | പ്രോജക്ട് നമ്പർ | പേര് ,വിലാസം | വാർഡ് | എഗ്രിമെന്റ് തീയതി | കൈപ്പറ്റിയ തുക തീയതി | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | 134/24-25 | മീനാക്ഷി മദ്ധ്യപ്പടി തോൽപ്പെട്ടി | 4 | 28/03/23 | 90000-22/02/24 | തറ പൂർത്തീകരിച്ചില്ല |
| 2 | 134/24-25 | സുധരാജു നെടുന്തണ തോൽപ്പെട്ടി | 5 | 12/01/23 | 90000-10/07/23 | തറ പൂർത്തീകരിച്ചില്ല |
| 3 | 134/24-25 | അജിത്ത് കുളിയൻകണ്ടി അണമല | 12 | 06/10/23 | 90000-22/02/24 | തറ പൂർത്തീകരിച്ചില്ല |
| 4 | 134/24-25 | മിനിമോഹനൻ കുളിർമാവ് തൃശ്ശിലേരി | 14 | 08/03/23 | 90000-22/02/24 | തറ പൂർത്തീകരിച്ചില്ല |
| 5 | 134/24-25 | ജയന്തിമോഹനൻ മുണ്ടക്കുറ്റി തൃശ്ശിലേരി | 16 | 08/03/23 | 90000-10/07/23 | തറ പൂർത്തീകരിച്ചില്ല |
| 6 | 134/24-25 | സരസ്വതി മുണ്ടക്കുറ്റി തൃശ്ശിലേരി | 16 | 08/03/23 | 90000-21/10/23 | തറ പൂർത്തീകരിച്ചില്ല |

ഭവനനിർമ്മാണം പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (എൻക്വയറി നം: 24/18.09.25) പ്രകാരം ആവശ്യപ്പെട്ടതിന് നിർവഹണോദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ഗുണഭോക്താക്കൾക്ക് നോട്ടീസ് അയച്ചതായും ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തിയതായും അറിയിച്ചിട്ടുണ്ട്.ഭവനനിർമ്മാണം പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളുടെ കെട്ടിടനിർമ്മാണാനുമതി,ലൈസൻസ് ,വസ്തുനികുതി എന്നിവ സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണങ്ങൾ

**1. മയൂഖം റിസോർട്ട് – റിസോർട്ട് ലൈസൻസിൽ ആശുപത്രിയായി പ്രവർത്തിക്കുന്നു**




10 കെട്ടിടങ്ങളും അതിനോടനുബന്ധിച്ച് സ്വിമ്മിംഗ് പൂളും നിർമ്മിച്ചിട്ടുണ്ട്.
ബിൽഡിംഗ് 1- ഓഫീസ് & റിസപ്ഷൻ
ബിൽഡിംഗ് 2-സ്യൂട്ട് റൂം
ബിൽഡിംഗ് 3 മുതൽ 10 വരെ- റൂമുകൾ
മുൻ വർഷങ്ങളിൽ റിസോർട്ടായി പ്രവർത്തിച്ച് വരുന്ന സ്ഥാപനമാണിത്. നിലവിൽ റിസോർട്ട് ഗണത്തിൽ നിന്നും മാറ്റി ആശുപത്രി ഗണത്തിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ ആശുപത്രി ഗണത്തിലുള്ള നിർമ്മിതികളല്ല സ്ഥാപനത്തിലുള്ളത്.

ആയുർവ്വേദ സുഖ ചികിത്സയാണ് മേൽ സ്ഥാപനത്തിന്റെ യഥാർത്ഥ സേവനം. ആയതിനാൽ മേൽ

സ്ഥാപനത്തിന് റിസോർട്ടുകളുടെ നിരക്ക് കണക്കാക്കുന്നതിന് പകരം ആയുർവ്വേദ സുഖ ചികിത്സ, സ്പാ തുടങ്ങിയ സേവനങ്ങൾ നൽകുന്നതിനുള്ള ഉയർന്ന നിരക്കാണ് ചുമത്തേണ്ടത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം റിസോർട്ട് ഗണത്തിൽപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. കെട്ടിട നമ്പർ TPI/337D മുതൽ P വരെയുള്ള നമ്പറുകൾക്ക് റിസോർട്ടുകളുടെ നിരക്കായ 90 രൂപ ക്രമത്തിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ട്.

**2. ക്ലോവ് റിസോർട്ട് – ലൈസൻസ് അനുവദിച്ച പേരിലല്ല സ്ഥാപനം പ്രവർത്തിക്കുന്നത്**



ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റിസോർട്ട്, ഹോംസ്റ്റ, ലോഡ്ജ് എന്നിവയ്ക്ക് ലൈസൻസ് അനുവദിക്കുന്നുണ്ട്. എന്നാൽ ലൈസൻസ് അനുവദിച്ച പേരിലല്ല സ്ഥാപനം പ്രവർത്തിക്കുന്നത്. സ്ഥാപനത്തിൽ പ്രദർശിപ്പിച്ചിരിക്കുന്ന പേര് ക്ലോവ് റിസോർട്ട് എന്നാണ്. എന്നാൽ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ പേര് സ്പൈസ് വാലി റിസോർട്ട് എന്നാണ്. ഗ്രാമപഞ്ചായത്ത് അനുവദിച്ച പേരുള്ള ലൈസൻസ് പ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടുള്ളതല്ല. മേൽ സ്ഥാപനത്തിൽ ചുവടെ പറയുന്ന കെട്ടിടങ്ങൾ നിലവിലുണ്ട്.
കെട്ടിടം 1-റിസപ്ഷൻ, കെട്ടിടം2-സ്റ്റോർ, കെട്ടിടം3-ലോൺട്രി, കെട്ടിടം4-കിച്ചൻ, കെട്ടിടം5-സ്റ്റാഫ് കിച്ചൻ, കെട്ടിടം6-സി ബ്ലോക്ക്, കെട്ടിടം7-ഫയർ അസംബ്ലി, കെട്ടിടം8-എമർജൻസി ബ്ലോക്ക്, കെട്ടിടം9-എ ബ്ലോക്ക്, കെട്ടിടം10-ബി ബ്ലോക്ക്, കെട്ടിടം11-റസ്റ്റോറന്റ്, കെട്ടിടം12-കോട്ടേജ്, കെട്ടിടം13-കോട്ടേജ്, കെട്ടിടം14-കോട്ടേജ്, കെട്ടിടം15-കോട്ടേജ്, കെട്ടിടം16-ഫയർ റൂം, കെട്ടിടം17-ബോങ്ക്വറ്റ് ഹാൾ, കെട്ടിടം18-ഹെറിറ്റേജ് ആക്ടിവിറ്റി റൂം, കെട്ടിടം19-ടീ ഷോപ്പ്, നിർമ്മിതി 20-സസ്പെൻഷൻ ബ്രിഡ്ജ്.



ക്ലോവ് റിസോർട്ടിൽ ഏകദേശം 15 മീറ്ററോളം നീളമുള്ള സസ്പെൻഷൻ ബ്രിഡ്ജ് നിർമ്മിച്ചിട്ടുണ്ട്. ഇത് നിർമ്മിക്കുന്നതിനുള്ള അനുമതി, നിർമ്മിതിയുടെ സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി സാക്ഷ്യപത്രം എന്നിവ സൂക്ഷിച്ചിട്ടില്ല. ഇത്തരം നിർമ്മിതികൾ ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടുകൂടിയല്ല നിർമ്മിച്ചിട്ടുള്ളത് എന്ന് വ്യക്തമാകുന്നു.

**3. റിപ്പാരിയൻ ഇൻ റിസോർട്ട്**

സ്ഥലപരിശോധനയിൽ ബിൽഡിംഗ്1-റിസപ്ഷൻ, ബിൽഡിംഗ്2-കോട്ടേജ്, ബിൽഡിംഗ്3- കോട്ടേജ്, റസ്റ്റോറന്റ്( ചേകാടി 90 കിച്ചൻ-ഷെഡ് പോലെയുള്ള നിർമ്മിതി) എന്നിങ്ങനെ 4 കെട്ടിടങ്ങൾ കണ്ടു. റിസോർട്ടുകളിലെ സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി ആവശ്യമായ നിർമ്മിതികളുടെ സാക്ഷ്യപത്രം സൂക്ഷിക്കുകയോ അനുവദിക്കുകയോ ചെയ്യുന്നില്ല. റിപ്പാരിയൻ ഇൻ റിസോർട്ട് എന്ന സ്ഥാപനത്തിൽ മരത്തിന് മുകളിലായി സന്ദർശകർക്കുള്ള ഏറുമാടം സ്ഥാപിച്ചിട്ടുണ്ട്. തറനിരപ്പിൽ നിന്നും ഏകദേശം 30 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഈ നിർമ്മിതിക്ക് പെർമിറ്റ് അനുവദിച്ചതിന്റെയോ, സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി തെളിയിക്കുന്നതിനുള്ള സാക്ഷ്യപത്രം നൽകിയതിന്റെയോ രേഖകൾ സൂക്ഷിച്ചിട്ടില്ല. റസ്റ്റോറന്റായി പ്രവർത്തിക്കുന്ന കെട്ടിടത്തിന് നമ്പർ നൽകുകയോ ലൈസൻസ് അനുവദിക്കുകയോ ചെയ്തിട്ടില്ല.
കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 235 പ്രകാരം നമ്പർ പതിക്കുന്ന കെട്ടിടങ്ങളിൽ നിന്നും ഏതൊരാൾക്കും നിയമപരമായ അനുമതിയില്ലാതെ ഈ നമ്പറുകൾ മാറ്റാനോ നശിപ്പിക്കാനോ പാടില്ല. എന്നാൽ ഈ സ്ഥാപനത്തിൽ നിലവിൽ കെട്ടിടനമ്പർ പ്രദർശിപ്പിക്കാതെ പ്രവർത്തിക്കുന്നതായി 09.09.2025 ന് നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുണ്ട്. സഞ്ചയ പ്രകാരം നമ്പറുകൾ നൽകി നികുതി

നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ഇവ പ്രദർശിപ്പിച്ചിട്ടില്ല.



റിപ്പാരിയൻ ഇൻ റിസോർട്ടിൽ പ്രവർത്തിക്കുന്ന റസ്റ്റോറന്റും ഏറുമാടവും

**4. അഗ്രഹാരം റിസോർട്ട്**

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 235 പ്രകാരം നമ്പർ പതിക്കുന്ന കെട്ടിടങ്ങളിൽ നിന്നും ഏതൊരാൾക്കും നിയമപരമായ അനുമതിയില്ലാതെ ഈ നമ്പറുകൾ മാറ്റാനോ നശിപ്പിക്കാനോ പാടില്ല. എന്നാൽ ഈ സ്ഥാപനത്തിൽ നിലവിൽ കെട്ടിടനമ്പർ പ്രദർശിപ്പിക്കാതെ പ്രവർത്തിക്കുന്നതായി 09.09.2025 ന് നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുണ്ട്. സഞ്ചയ പ്രകാരം നമ്പറുകൾ നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ഇവ പ്രദർശിപ്പിച്ചിട്ടില്ല.

കെട്ടിടം1- കിച്ചൻ കം റസ്റ്റോറന്റ്, കെട്ടിടം2-ഫ്രണ്ട് ഓഫീസ്, കെട്ടിടം3-സ്റ്റാഫ് ക്വാട്ടേഴ്സ്, കെട്ടിടം4-കന്യക ക്വാട്ടേഴ്സ്, കെട്ടിടം5-ശ്രീശൈലം ക്വാട്ടേഴ്സ്, കെട്ടിടം6-നികുഞ്ജം ക്വാട്ടേഴ്സ്, കെട്ടിടം7-ഇന്ദ്രിയ ക്വാട്ടേഴ്സ്, കെട്ടിടം8-ധർമ്മശാല ക്വാട്ടേഴ്സ്, കെട്ടിടം9-പർണ്ണശാല ക്വാട്ടേഴ്സ്, കെട്ടിടം10-ചിത്രകൂടം ക്വാട്ടേഴ്സ്, കെട്ടിടം11- അശോകവനി ക്വാട്ടേഴ്സ്, കെട്ടിടം12-പഞ്ചവടി ക്വാട്ടേഴ്സ്, കെട്ടിടം13- ചൈത്രം ക്വാട്ടേഴ്സ്, കെട്ടിടം14- അളകനന്ദ ക്വാട്ടേഴ്സ്, കെട്ടിടം15- പൂൾ & ബാത്ത്റൂം, കെട്ടിടം16-സൗപർണ്ണിക ക്വാട്ടേഴ്സ് എന്നീ കെട്ടിടങ്ങൾ 09.09.2025 ലെ സ്ഥലപരിശോധനയിൽ കണ്ടു.



**5. ജംഗിൾ റിട്രീറ്റ് റിസോർട്ട്**

കെട്ടിടം1- ഓഫീസ്- റസ്റ്റോറന്റ്, കെട്ടിടം2-വില്ല, കെട്ടിടം3-കോട്ടേജ്, കെട്ടിടം4-കോട്ടേജ്, കെട്ടിടം5-കോട്ടേജ്, കെട്ടിടം6-കോട്ടേജ്, കെട്ടിടം7-സ്റ്റാഫ് ക്വാട്ടേഴ്സ്, സ്വിമ്മിംഗ് പൂൾ എന്നീ കെട്ടിടങ്ങൾ കണ്ടു.



കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 235 പ്രകാരം നമ്പർ പതിക്കുന്ന കെട്ടിടങ്ങളിൽ നിന്നും ഏതൊരാൾക്കും നിയമപരമായ അനുമതിയില്ലാതെ ഈ നമ്പറുകൾ മാറ്റാനോ നശിപ്പിക്കാനോ പാടില്ല. എന്നാൽ ഈ സ്ഥാപനത്തിൽ നിലവിൽ കെട്ടിടനമ്പർ പ്രദർശിപ്പിക്കാതെ പ്രവർത്തിക്കുന്നതായി 09.09.2025 ന് നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുണ്ട്. സഞ്ചയ പ്രകാരം നമ്പറുകൾ നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ഇവ പ്രദർശിപ്പിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് അനുവദിച്ച കെട്ടിട നമ്പറുകൾ പ്രദർശിപ്പിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും, ഇല്ലെങ്കിൽ വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

**6. വൈൽഡ് ലൈഫ് റിസോർട്ട്**

കെട്ടിടം1- റിസപ്ഷൻ, കെട്ടിടം2-കോട്ടേജ്, കെട്ടിടം3-കോട്ടേജ്, കെട്ടിടം4-കോട്ടേജ്, കെട്ടിടം5- കോട്ടേജ്, കെട്ടിടം6- കോട്ടേജ്, കെട്ടിടം7- കോട്ടേജ്, കെട്ടിടം8- കോട്ടേജ്, ക്ലോസ്ഡ് സ്വിമ്മിംഗ് പൂൾ എന്നിവ 09.09.2025 ന് നടത്തിയ സ്ഥലപരിശോധനയിൽ കണ്ടു. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളിൽ സ്വിമ്മിംഗ് പൂളുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇവയുടെ വിസ്തീർണ്ണം കണക്കാക്കി വസ്തു നികുതി ഈടാക്കിയിട്ടില്ല. 2023 ലെ കേരള ബിൽഡിംഗ് ടാക്സ് ( അമന്റ്മെന്റ് ) നിയമം പ്രകാരം ബിൽഡിംഗ് അഥവാ സ്ഥിരമായ നിർമ്മാണം എന്ന ഗണത്തിൽ സ്വിമ്മിംഗ് പൂളുകളെ വസ്തു നികുതി കണക്കാക്കുന്ന ആസ്തിയുടെ ഭാഗമായി പരിഗണിക്കേണ്ടതാണ്. എന്നാൽ ഈ സ്ഥാപനത്തിൽ സ്വിമ്മിംഗ് പൂളുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇവയ്ക്ക് വസ്തു നികുതി ഈടാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകുന്നുണ്ട്.

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 235 പ്രകാരം നമ്പർ പതിക്കുന്ന കെട്ടിടങ്ങളിൽ നിന്നും ഏതൊരാൾക്കും നിയമപരമായ അനുമതിയില്ലാതെ ഈ നമ്പറുകൾ മാറ്റാനോ നശിപ്പിക്കാനോ പാടില്ല. എന്നാൽ ഈ സ്ഥാപനത്തിൽ നിലവിൽ കെട്ടിടനമ്പർ പ്രദർശിപ്പിക്കാതെ പ്രവർത്തിക്കുന്നതായി 09.09.2025 ന് നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുണ്ട്. സഞ്ചയ പ്രകാരം നമ്പറുകൾ നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ഇവ പ്രദർശിപ്പിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് അനുവദിച്ച കെട്ടിട നമ്പറുകൾ പ്രദർശിപ്പിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും, ഇല്ലെങ്കിൽ വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.



**7. പഗ് മാർക്സ് റിസോർട്ട്**

കെട്ടിടം1- റിസപ്ഷൻ-കിച്ചൻ, കെട്ടിടം2-കോട്ടേജ്, കെട്ടിടം3-കോട്ടേജ്, കെട്ടിടം4-കോട്ടേജ്,, കെട്ടിടം5-സിഡാർ കോട്ടേജ്, സ്വിമ്മിംഗ് പൂൾ, ഇൻഡോർ ഗെയിം ഏരിയ എന്നിവ 09.09.2025 ന് നടത്തിയ സ്ഥലപരിശോധനയിൽ കണ്ടു.



കെട്ടിടം1- റിസപ്ഷൻ-കിച്ചൻ, കെട്ടിടം2-കോട്ടേജ്, കെട്ടിടം3-കോട്ടേജ്, കെട്ടിടം4-കോട്ടേജ്,, കെട്ടിടം5-സിഡാർ കോട്ടേജ്, സ്വിമ്മിംഗ് പൂൾ, ഇൻഡോർ ഗെയിം ഏരിയ എന്നിവ കണ്ടു. റിസോർട്ടുകളിൽ സ്വിമ്മിംഗ് പൂളുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇവയുടെ വിസ്തീർണ്ണം കണക്കാക്കി വസ്തു നികുതി ഈടാക്കിയിട്ടില്ല. 2023 ലെ കേരള ബിൽഡിംഗ് ടാക്സ് ( അമന്റ്മെന്റ് ) നിയമം പ്രകാരം ബിൽഡിംഗ് അഥവാ സ്ഥിരമായ നിർമ്മാണം

എന്ന ഗണത്തിൽ സ്വിമ്മിംഗ് പൂളുകളെ വസ്തു നികുതി കണക്കാക്കുന്ന ആസ്തിയുടെ ഭാഗമായി പരിഗണിക്കേണ്ടതാണ്. എന്നാൽ ചുവടെ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങളിൽ സ്വിമ്മിംഗ് പൂളുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇവയ്ക്ക്മേൽ വസ്തു നികുതി ഈടാക്കിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകുന്നുണ്ട്.
കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 235 പ്രകാരം നമ്പർ പതിക്കുന്ന കെട്ടിടങ്ങളിൽ നിന്നും ഏതൊരാൾക്കും നിയമപരമായ അനുമതിയില്ലാതെ ഈ നമ്പറുകൾ മാറ്റാനോ നശിപ്പിക്കാനോ പാടില്ല. എന്നാൽ ചുവടെ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങളിൽ നിലവിൽ കെട്ടിടനമ്പർ പ്രദർശിപ്പിക്കാതെ പ്രവർത്തിക്കുന്നതായി 09.09.2025 ന് നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായിട്ടുണ്ട്. സഞ്ചയ പ്രകാരം നമ്പറുകൾ നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ഇവ പ്രദർശിപ്പിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് അനുവദിച്ച കെട്ടിട നമ്പറുകൾ പ്രദർശിപ്പിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും, ഇല്ലെങ്കിൽ വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം .3/11.09.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

<u>പൊതുവായ നിർദ്ദേശങ്ങൾ</u>

**1. റിസോർട്ടായി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക്, വസ്തുനികുതി ചട്ടങ്ങൾ പ്രകാരം റിസോർട്ടുകൾക്കുള്ള വസ്തു നികുതി തന്നെയാണ് ചുമത്തുന്നതെന്ന് ഉറപ്പുവരുത്തണം. ഹോംസ്റ്റേ, ലോഡ്ജ് എന്ന് ലൈസൻസ് എടുത്തു റിസോർട്ടായി ടൂറിസ്റ്റ് വെബ്സൈറ്റുകളിൽ പരസ്യം ചെയ്തു പ്രവർത്തിക്കുന്ന റിസോർട്ടുകൾ കണ്ടെത്താൻ പ്രത്യേക പരിശോധനകൾ നടത്തണം.**

**2. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള കെട്ടിടങ്ങൾ മാത്രമാണ് റിസോർട്ടുകളിലും/ഹോംസ്റ്റേകളിലും പ്രവർത്തിക്കുന്നതെന്നും ഉറപ്പുവരുത്തേണ്ടതും അനധികൃതമായി കെട്ടിടങ്ങൾ ഉണ്ടെന്ന് ബോധ്യപ്പെട്ടാൽ യു/എ (U/A) നമ്പർ ഇടാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് പഞ്ചായത്ത് രാജ് നിയമപ്രകാരം യു/എ നമ്പറിനുള്ള വസ്തു നികുതി ചുമത്തുകയും മറ്റ് നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ കേരള പഞ്ചയാത്ത് രാജ് ആക്റ്റിലെ സെക്ഷൻ 235 എ.എ പ്രകാരം മൂന്നിരട്ടി വസ്തുനികുതി ഈടാക്കി അറിയിക്കേണ്ടതാണ്.**

**3.മുകളിൽ പറഞ്ഞ എല്ലാ റിസോർട്ടുകൾക്കും, അംഗീകൃത കെട്ടിടങ്ങളെല്ലാം കാണിക്കുന്ന പൂർണ്ണമായ സൈറ്റ് പ്ലാൻ സമർപ്പിക്കേണ്ടതാണ്, കൂടാതെ ശരിയായ സ്ഥല പരിശോധനയ്ക്ക് ശേഷം ഓരോ കെട്ടിടത്തിലെയും കെട്ടിട നമ്പറുകളും ഫോം 6 എയും സമർപ്പിക്കേണ്ടതാണ്. കെട്ടിട നമ്പറുകൾ കെട്ടിടം തിരിച്ച് പട്ടികാ രൂപത്തിൽ സമർപ്പിക്കണം. ഉദാഹരണത്തിന്, ഒരു റിസോർട്ടിൽ 10 കെട്ടിടങ്ങളുണ്ടെങ്കിൽ, ഓരോ കെട്ടിടത്തിനും അനുവദിച്ച കെട്ടിട നമ്പറുകൾ ഒരു പട്ടിക രൂപത്തിൽ വ്യക്തമായി കാണിക്കണം.**

**4.ഓഡിറ്റ് സമയപരിധിക്കുള്ളിൽ ഏതാനും റിസോർട്ടുകൾ/ഹോംസ്റ്റേകൾ മാത്രമേ പരിശോധിക്കാൻ സാധിച്ചുള്ളൂ. ഇത്തരം അപാകതകൾ വ്യപകമായി ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ പഞ്ചായത്ത് പരിധിയിലെ മുഴുവൻ റിസോർട്ടുകളെയും /ഹോം സ്റ്റേകളെയും പരിശോധനക്ക് വിധേയമാക്കേണ്ടതാണ്. ഒരു സമ്പൂർണ ഡാറ്റാബേസ് ഉണ്ടാക്കുന്നതും ഉചിതമാകും. ഇല്ലെങ്കിൽ പഞ്ചായത്തിന് വളരെ വലിയ വരുമാന നഷ്ടം ഉണ്ടാകാൻ സാധ്യതയുണ്ട് .**

**5. അനധികൃത നിർമാണങ്ങൾക്കു യു/എ നമ്പർ നൽകി നിയമനടപടികൾ സ്വീകരിക്കേണ്ടതും, അപകടകരമായ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി ഇല്ലാത്ത നിർമാണങ്ങൾ നിയമപരമായി പൊളിച്ചു മാറ്റി പൊതു ജനങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തേണ്ടതുമാണ്. ഇതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.**

**6. ജില്ലാ വ്യവസായ കേന്ദ്രവുമായി സഹകരിച്ച് കെ-സ്വിഫ്റ്റ് അക്നോലഡ്ജ്മെന്റ് സർട്ടിഫിക്കറ്റ് വഴി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും അതിലെ കെട്ടിടങ്ങളുടെ എണ്ണം, വിസ്തീർണ്ണം, ജീവനക്കാരുടെ എണ്ണം എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് സ്ഥാപനങ്ങളിൽ നിന്ന് വസ്തു നികുതി, തൊഴിൽ നികുതി എന്നിവ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കെ-സ്വിഫ്റ്റ് അക്നോലഡ്ജ്മെന്റ് സർട്ടിഫിക്കറ്റിന്റെ കാലാവധി കഴിയുമ്പോൾ പഞ്ചായത്ത് രാജ് നിയമപ്രകാരം ആവശ്യമായ എല്ലാ അനുമതികളും ഈ സ്ഥാപനങ്ങൾ എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.**

**7. അനധികൃത നിർമ്മാണങ്ങളുടെ കാര്യത്തിൽ സുപ്രീം കോടതി വിധി ന്യായത്തിലെ (JUDGMENT IN**

**CIVIL APPEAL NO. 14604 OF 2024 (2024 INSC 990) Dated Dec 17, 2024) പൊതു നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്**

**ഗൗരവകരമായ ഈ വിഷയങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.**

## 1-22 NCESS/GSI റെഡ് സോൺ പ്രദേശങ്ങളിലെ നിലവിലെ നിയന്ത്രണങ്ങൾ ഫലപ്രദമല്ല -നിർമ്മാണങ്ങൾ സംബന്ധിച്ച നിയമ/പ്രായോഗിക പ്രശ്നങ്ങൾ, സാധ്യതകൾ - റെഡ് സോണിൽ റിസോർട്ടുകൾ ആശുപത്രിയായി (Rejuvenation Retreat Center) പ്രവർത്തിക്കുന്നു

റെഡ് സോൺ പ്രദേശങ്ങളിൽ റിസോർട്ടുകൾ ആശുപത്രിയായി (Rejuvenation Retreat Center) പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്, വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ജില്ല ദുരന്ത നിവാരണ അതോറിറ്റിയുടെ 21.08.2019 ലെ DCWYD/9464/2019-DEOC നമ്പർ ഉത്തരവ്, 07.11.2019 ലെ DCWYD/9464/2019-DEOC1 ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾ വച്ചാണ് താഴെ ഉള്ള പരാമർശങ്ങൾ വിവരിച്ചിട്ടുള്ളത്. ഈ ഉത്തരവുകളിലെ അവ്യക്തതകളും അപാകതകളും റെഡ് സോൺ നിയന്ത്രണങ്ങൾ ഫലപ്രദമാക്കുന്നതിനുള്ള സാധ്യതകളും തുടർന്ന് പ്രതിപാദിച്ചിട്ടുണ്ട് .

**റിസോർട്ട് ലൈസൻസിൽ ആശുപത്രിയായി (Rejuvenation Retreat Center) പ്രവർത്തിക്കുന്നു.**

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പ്രകാരം റിസോർട്ടായി പ്രവർത്തിക്കുന്നതിന് അനുമതി നൽകിയ സ്ഥാപനങ്ങൾ ഹോസ്പിറ്റൽ അഥവാ ആയുർവ്വേദ റീജുവനേഷൻ സെന്ററുകളായി പ്രവർത്തിക്കുന്നു. ബഹു ജില്ലാകളക്ടറുടെ 07.11.2019 ലെ DCWYD/9646/2019-DEOC 1നം ഉത്തരവ് പ്രകാരം റെഡ് സോണുകളിൽ (ചുവപ്പ് ജാഗ്രത പ്രദേശം) പ്രത്യേക താമസാവശ്യത്തിന് (എ2 ഗണം) ഒഴികെയുള്ള നിർമ്മാണ പ്രവർത്തികൾ നടത്താവുന്നതാണ്. റിസോർട്ട് ഗണത്തിൽ നിർമ്മാണം സാധിക്കാതെ വരികയും എന്നാൽ ആശുപത്രി അടക്കമുള്ള ഗണത്തിലേക്ക് മാറ്റുകവഴി നിർമ്മാണ പ്രവർത്തികൾ സാധ്യമാകുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാവുകയും ചെയ്യുന്നു. റിസോർട്ട് ആശുപത്രി എന്ന നിലയിൽ മാറ്റിയ സ്ഥാപനങ്ങൾ സ്ഥലപരിശോധനയിൽ കണ്ടു. എന്നാൽ റിസോർട്ട് ഗണത്തിലുള്ള പ്രവർത്തനങ്ങളാണ് മേൽ സ്ഥാപനങ്ങളിൽ നടക്കുന്നതെന്നും ബോധ്യമായി. സ്ഥാപനങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

**ഉദയഗിരി റീജുവനേഷൻ റിട്രീറ്റ് സെന്റർ**




**ഉദയഗിരി റീജുവനേഷൻ റിട്രീറ്റ്** സെന്ററിന്റെ ചിത്രവും **NCESS** മാപ്പും

ഉദയഗിരി ആയുർവ്വേദ ക്ലിനിക്ക്, റീജുവനേഷൻ റിട്രീറ്റ് സെന്റർ എന്നീ പേരുകളിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. 15 കെട്ടിടങ്ങൾ നിലവിലുണ്ട്. കെട്ടിടങ്ങളുടെ നമ്പറുകൾ പ്രദർശിപ്പിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം 458, 458A,458B, 459,460,461,462,464,465,466,467, 467A,B, 467C, 467G എന്നീ നമ്പറുകൾക്കു നികുതി ഡിമാന്റ് ചെയ്തതായി കാണുന്നു. റിസപ്ഷൻ, കൺസൾട്ടിംഗ് റൂം, ഫാർമസി എന്നിവയെക്കൂടാതെ പ്രത്യേകം ഹട്ടുകളും നിർമ്മിച്ചിട്ടുണ്ട്. റിസോർട്ടുകൾ ബുക്ക് ചെയ്യുന്ന രീതിയിലാണ് ഇവിടേക്കുള്ള പ്രവേശനം ക്രമീകരിച്ചിട്ടുള്ളതെന്ന് വിവിധ ഓൺലൈൻബുക്കിംഗ് സൈറ്റുകളിൽ നിന്നും വ്യക്തമാകുന്നു. ആയുർവ്വേദ സുഖ ചികിത്സയാണ് മേൽ സ്ഥാപനത്തിന്റെ യഥാർത്ഥ സേവനം. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം റിസോർട്ട് ഗണത്തിൽപ്പെടുത്തിയാണ് മേൽ സ്ഥാപനത്തിന്റെ നികുതി നിർണ്ണയിച്ചിട്ടുള്ളത്. വസ്തു നികുതി കണക്കാക്കുമ്പോൾ റിസോർട്ടുകളുടെ നിരക്കിന് പകരം ആയുർവ്വേദ സുഖ ചികിത്സ, സ്പാ തുടങ്ങിയ സേവനങ്ങൾ നൽകുന്നതിനുള്ള ഉയർന്ന നിരക്കാണ് ചുമത്തേണ്ടത്.

ഇപ്രകാരം ചെയ്യാത്തതിനാൽ ഗ്രാമപഞ്ചായത്തിന് നികുതി നഷ്ടം സംഭവിക്കുന്നുണ്ട്.

**റെഡ് സോൺ പ്രദേശങ്ങളിൽ നിയന്ത്രണങ്ങൾ സംബന്ധിച്ച ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്തരവുകളിൽ ചില പ്രശ്നങ്ങൾ നിലനിൽക്കുന്നു. ഇത് പൊതുവായി വയനാട് ജില്ലയിൽ അവ്യകതതകൾക്കും അനാവശ്യമായ നിയമ പോരാട്ടങ്ങൾക്കും ഏകപക്ഷീയമായ തിരുമാനങ്ങൾക്കും കാരണമാകുന്നു.**

ജില്ല ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പലപ്പോഴും വ്യത്യസ്തമായി വ്യാഖ്യാനിക്കപ്പെടുന്നു, ഇത് സമാന സാഹചര്യങ്ങളിൽ ഏകപക്ഷീയതയ്ക്കും വ്യത്യസ്തങ്ങളായ തീരുമാനങ്ങൾക്കും കാരണമാകും. കാരണം സമാന കേസുകൾക്ക് മാനദണ്ഡമാക്കിയ നിയമ തത്വങ്ങളേക്കാൾ പലപ്പോളും വ്യക്തികൾക്കു അനുസരിച്ചു തിരുമാനങ്ങൾ എടുക്കുന്നത് ഇരട്ട നീതിക്കും കാരണമാകും. ഈ ഏകപക്ഷീയത സ്വാഭാവിക നീതിയുടെ തത്വങ്ങളെ ലംഘിക്കുന്നു. കാരണം താരതമ്യപ്പെടുത്താവുന്ന സാഹചര്യങ്ങളിൽ, ബാധിച്ച കക്ഷികൾക്ക് തുല്യമോ നീതിയുക്തമോ ആയ പരിഗണന ലഭിച്ചേക്കില്ല. ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ 21.08.2019 ലെ DCWYD/9464/2019-DEOC, 07.11.2019 ലെ DCWYD/9464/2019-DEOC1 എന്നീ ഉത്തരവുകൾ സംബന്ധിച്ച ഏതാനും ചില അപാകതകൾ താഴെ പ്രതിപാദിക്കുന്നു.

1. 2010 ൽ തയ്യാറാക്കിയ നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS) എന്ന സ്ഥാപനത്തിന്റെ **റെഡ് സോൺ** മാപ്പ് ആണ് ഈ ഉത്തരവുകളിൽ കെട്ടിട നിർമ്മാണങ്ങളിൽ നിയന്ത്രണം കൊണ്ട് വരാൻ ഉപയോഗിച്ചിട്ടുള്ളത്. ദേശീയ ദുരന്ത നിവാരണ പ്ലാൻ പ്രകാരം ഉരുൾപൊട്ടൽ മേഖലകൾ സംബന്ധിച്ച മാപ്പ് നിർമ്മിക്കാൻ ചുമതലപ്പെട്ട നോഡൽ ഏജൻസി ജിയോളോജിക്കൽ സർവ്വേ ഓഫ് ഇന്ത്യ(GSI) ആണ്. 2022-ൽ GSI മാപ്പ് ലഭ്യമാക്കിയിട്ടുണ്ട്. ഈ മാപ്പ് നിലനിൽക്കുമ്പോൾ മറ്റൊരു ഏജൻസിയുടെ മാപ്പ് ഉപയോഗിക്കുന്നത് ദേശീയ ദുരന്ത നിവാരണ പ്ലാനിന് വിരുദ്ധമായ പ്രവൃത്തി ആണ്.

2. G.O(Rt) No.532/2025/DMD ഉത്തരവ് പ്രകാരം 12/08/2025 -ൽ അംഗീകരിച്ച 2025 ലെ ഓറഞ്ച് ബുക്ക് പ്രകാരം സംസ്ഥാന/ജില്ലാ ദുരന്ത നിവാരണ അതോററ്റികൾ പുറുപ്പെടുവിച്ചിട്ടുള്ള വിവിധ ഉത്തരവുകളിൽ ഉരുൾപൊട്ടൽ- മണ്ണിടിച്ചൽ സാധ്യതാ പ്രദേശം (Landslide Susceptible Area) എന്ന പരാമർശം ഇനി മുതൽ ജിയോളോജിക്കൽ സർവ്വേ ഓഫ് ഇന്ത്യ (GSI) തയ്യാറാക്കിയ ഉരുൾപൊട്ടൽ-മണ്ണിടിച്ചൽ സാധ്യത ഭൂപടത്തിലെ ഹൈ(High),മോഡറേറ്റ് (Moderate), ലോ(Low) ഹസാർഡ് സോണുകൾ ഉൾപ്പെടുന്ന പ്രദേശങ്ങൾക്ക് മാത്രമാകും ബാധകം. എന്നാൽ വയനാട് ജില്ലയിൽ ജില്ല ദുരന്തനിവാരണ അതോറിറ്റിയുടെ 21.08.2019 ലെ DCWYD/9464/2019-DEOC ഉത്തരവ് പുതുക്കിയതായി അറിയാൻ സാധിച്ചിട്ടില്ല. നിലവിലും NCESS മാപ്പാണ് ഉപയോഗിക്കുന്നത് എന്നാണ് പഞ്ചായത്തുകളിൽ നിന്ന് അറിയിച്ചിട്ടുള്ളത്. ഇത് നിയമപരമാണെന്ന് കാണുന്നില്ല.

3. 2025 ലെ ഓറഞ്ച് ബുക്ക് പ്രകാരം ഹൈ (High), മോഡറേറ്റ് (Moderate), ലോ (Low) ഹസാർഡ് സോണുകൾക്കുള്ളിൽ ഉൾപ്പെടുന്ന പ്രദേശം ആയത് കൊണ്ട് മാത്രം നിർമ്മാണപ്രവർത്തനങ്ങൾ, കെട്ടിടങ്ങളുടെ വിനിയോഗം എന്നിവ സ്ഥിരമായി തടയുവാൻ ജില്ല ദുരന്ത നിവാരണ അതോററ്റിക്ക് അധികാരം ഉണ്ടായിരിക്കില്ല. മഴക്കാലത്ത്,റെഡ്,ഓറഞ്ച് അലർട്ടുകൾ ഉള്ള ദിവസങ്ങളിൽ ഇത്തരം പ്രദേശങ്ങളിലെ നിർമ്മാണപ്രവർത്തനങ്ങൾ, കെട്ടിടങ്ങളുടെ വിനിയോഗം എന്നിവ താൽകാലികമായി റെഡ്,ഓറഞ്ച് അലർട്ടുകൾ ഉള്ള ദിവസങ്ങളിലും, റെഡ്,ഓറഞ്ച് അലർട്ടുകൾക്ക് 2 ദിവസം മുൻപും, 2 ദിവസം കഴിഞ്ഞും വരെ ജില്ലാ ദുരന്തനിവാരണ അതോററ്റികൾക്ക് തടയാവുന്നതാണ്. **എന്നാൽ വയനാട് ജില്ലയിൽ ജില്ല ദുരന്തനിവാരണ അതോറിറ്റിയുടെ 21.08.2019 ലെ DCWYD/9464/2019-DEOC, 07.11.2019 ലെ DCWYD/9464/2019-DEOC1 എന്നീ ഉത്തരവുകൾ തത്വത്തിൽ കെട്ടിട നിർമാണങ്ങളിലും വിനിയോഗത്തിലും സ്ഥിരമായ നിയന്ത്രണങ്ങളാണ് കൊണ്ടുവന്നിട്ടുള്ളത്.** കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളെ ഭേദഗതി ചെയ്യുന്ന ഒരു നിയമ നിർമാണം പോലെയാണ് മുകളിൽ പ്രതിപാദിച്ചിട്ടുള്ള ഉത്തരവുകൾ പ്രവർത്തിക്കുന്നത്, ഇത് ഉചിതമല്ല. സ്ഥിരമായ നിയന്ത്രങ്ങൾ ആവശ്യമുണ്ടെങ്കിൽ അത് സംസ്ഥാന തലത്തിൽ ചട്ടങ്ങൾ ഭേദഗതി വരുത്തി ആണ് ചെയ്യേണ്ടത്. ഇത്തരത്തിൽ ജില്ല ദുരന്ത നിവാരണ അതോറിറ്റികൾ ഉത്തരവുകൾ പുറപ്പെടുവിച്ചാൽ സമാന സാഹ്യചര്യങ്ങളിൽ വിവിധ തരത്തിൽ ഉള്ള കെട്ടിട നിയമങ്ങൾ കേരളത്തിലെ പതിനാല് ജില്ലകളിലും വരുന്ന സ്ഥിതിവിശേഷമുണ്ടാകും, ഇത് ഇരട്ടനീതിക്കും ദീർഘമായ നിയമപോരാട്ടങ്ങൾക്കും വഴിവെക്കും.

4. 07.11.2019 ലെ DCWYD/9464/2019-DEOC1 ഉത്തരവ് പ്രകാരം, ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശത്ത് "പ്രസ്തുത പ്രദേശത്തിന്റെ (High Hazard Zone) എല്ലാ അതിർത്തി പോയിന്റുകളിൽ നിന്നും 500 മീറ്റർ

ദൂരത്തിനുള്ളിൽ വരുന്ന എല്ലാ ഭൂമിയും" ഉൾപ്പെടുമെന്ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഹൈ ഹസാർഡ് സോൺ (High Hazard Zone) പരിധി 500 മീറ്റർ വർദ്ധിപ്പിച്ചതിന്, മാപ്പ് ഉണ്ടാക്കിയ NCESS എന്ന സ്ഥാപനത്തിന്റെയോ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയോ (SDMA) അംഗീകാരം ഉള്ളതായി കാണുന്നില്ല. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നിലപാട് പ്രകാരം ഇത് സംസ്ഥാന ദുരന്ത നിവാരണ പ്ലാനിനു അനുസൃതമോ ശാസ്ത്രീയമായി നിലനിൽക്കുന്നതോ അല്ല. സംസ്ഥാനത്തിന്റെ മറ്റു ജില്ലകളിലോ ഇന്ത്യയിൽ മറ്റേതെങ്കിലും ജില്ലയിലോ ഇത്തരത്തിൽ ഏകപക്ഷീയമായി ഹൈ ഹസാർഡ് സോണിന്റെ പരിധി (Increasing High Hazard Zone Arbitrarily By 500m) വർദ്ധിപ്പിച്ചതായി അറിയാൻ സാധിച്ചിട്ടില്ല. 500 മീറ്റർ എന്ന് സംഖ്യ തിരഞ്ഞെടുക്കാനുള്ള ശാസ്ത്രീയമായ കാരണങ്ങൾ ഈ ഉത്തരവിൽ വ്യക്തമാക്കിയിട്ടില്ല. ജിയോളോജിക്കൽ സർവേ ഓഫ് ഇന്ത്യ (GSI) യുടെ ഭുഘോഷ് പോർട്ടലിൽ, കഴിഞ്ഞ കാലങ്ങളിൽ വയനാട് ജില്ലയിൽ ഉണ്ടായ ഉരുൾപൊട്ടലുകൾ (Landslides Inventory – Bhughosh Portal) പരിശോധിച്ചാലും, 500 മീറ്റർ വന്നതിന്റെ യുക്തി മനസ്സിലാകുന്നില്ല.

5. ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന (ISRO) 2023-ൽ തയ്യാറാക്കിയ 'ലാൻഡ്സ്ലൈഡ് അറ്റ്ലസ് ഓഫ് ഇന്ത്യ'യിൽ (Landslide Atlas Of India) വയനാട് ജില്ല പതിമൂന്നാം സ്ഥാനത്താണ്. പ്രധാന സാമൂഹിക-സാമ്പത്തിക മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ, മണ്ണിടിച്ചിലിന്റെ ആഘാതം കണക്കിലെടുത്താണ് ഇത്തരത്തിൽ ജില്ലകളെ ലിസ്റ്റ് ചെയ്തിട്ടുള്ളത്. കേരളത്തിലെ വയനാടിനേക്കാൾ മണ്ണിടിച്ചിൽ സാധ്യതയുള്ള ജില്ലകളായ തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നിവ 'ലാൻഡ്സ്ലൈഡ് അറ്റ്ലസ് ഓഫ് ഇന്ത്യ'യിൽ യഥാക്രമം മൂന്ന്, അഞ്ച്, ഏഴ്, പത്ത് സ്ഥാനങ്ങളിലാണ് ഉള്ളത്. എന്നാൽ ഈ ജില്ലകളിൽ ഒന്നും തന്നെ ഇത്തരത്തിൽ ഹൈ ഹസാർഡ് സോൺ (High Hazard Zone) ഏകപക്ഷീയമായി 500 മീറ്റർ വർധിപ്പിച്ചതായി അറിയാൻ സാധിച്ചിട്ടില്ല.

6. ജില്ല ദുരന്ത നിയന്ത്രണ അതോറിറ്റിയുടെ ഈ ഉത്തരവ് നടപ്പാക്കുന്നതിൽ പലപ്പോളും ആശയക്കുഴപ്പം ഉണ്ടാകുന്നു. റെഡ് സോൺ പ്രദേശത്ത് പാർപ്പിടാവശ്യത്തിന് എ1 ഗണത്തിൽ പെർമിറ്റ് എടുത്തതിന് ശേഷം അനുമതിയില്ലാതെ റിസോർട്ടായി(എ2 ഗണത്തിലേക്ക്) ഉപയോഗിക്കുന്നു. റിസോർട്ട് ഗണത്തിൽ നിർമ്മാണം സാധിക്കാതെ വരുമ്പോൾ ആശുപത്രി (Ayurvedic Retreat Rejuvenation Center) അടക്കമുള്ള ഗണത്തിലേക്ക് മാറ്റി റെഡ് സോൺ നിയന്ത്രണങ്ങൾ മറികടന്ന് നിർമ്മാണ പ്രവർത്തികൾ സാധ്യമാകുകയും ചെയ്യുന്നു. പഞ്ചായത്തുകൾ അനുമതി നിഷേധിക്കുന്ന സാഹചര്യങ്ങളിൽ പോലും കെ-സ്വിഫ്റ്റ് ലൈസൻസ് മുഖാന്തരം റെഡ് സോൺ പ്രദേശങ്ങളിൽ റിസോർട്ടുകൾ പ്രവർത്തിക്കുന്നു. ഇത്തരം മേഖലകളിലെ വിനോദകേന്ദ്രങ്ങളിൽ സാഹസിക ടൂറിസം ലൈസൻസുകൾ സ്ഥിരനിർമ്മാണങ്ങൾക്കടക്കം നൽകുകയും ചെയ്യുന്നു. ഇതിനെതിരെ (പഞ്ചായത്തുകൾ റിപ്പോർട്ട് ചെയ്യുന്ന കാര്യങ്ങളിൽ പോലും) തുടർ നടപടികൾ സ്വീകരിച്ചതായി അറിയാൻ സാധിച്ചിട്ടില്ല. അതിനാൽ പഞ്ചായത്തുകൾക്ക് ഫീൽഡ് തലത്തിൽ പ്രശ്നങ്ങളും കോടതി കേസുകളും ചിലവുകളും വഹിക്കേണ്ടി വരുന്നു. **മാത്രവുമല്ല ഇത്തരത്തിൽ അനുവദിക്കുന്ന ലൈസൻസുകൾ മൂലം പഞ്ചായത്തിന് വസ്തു നികുതിയിലും വിനോദ നികുതിയിലും കാര്യമായ നഷ്ടം ഉണ്ടാകുന്നു.**

7. കെട്ടിടങ്ങളെ പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് അനുസരിച്ചാണ് തരംതിരിച്ചിരിക്കുന്നത് എന്നാണ് ഉത്തരവിൽ (DCWYD/9464/2019-DEOC) പറയുന്നത്. ഉത്തരവിൽ ഗ്രൂപ്പ് ഇ (E) ആണ് റിസോർട്/ഹോം സ്റ്റേകൾക്കു നൽകിയിട്ടുള്ള ക്ലാസ്സിഫിക്കേഷൻ. എന്നാൽ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് (KPBR) പ്രകാരം എ2 (A2) എന്ന വിഭാഗത്തിൽ ആണ് റിസോർട്/ഹോം സ്റ്റേകൾ വരുന്നത് എന്നാണ് പഞ്ചായത്തിൽ നിന്ന് അറിയിച്ചിട്ടുള്ളത്.

8. 07.11.2019 ലെ DCWYD/9464/2019-DEOC1 ഉത്തരവ് പ്രകാരം, ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശത്ത് "പ്രസ്തുത പ്രദേശത്തിന്റെ (High Hazard Zone) എല്ലാ അതിർത്തി പോയിന്റുകളിൽ നിന്നും 500 മീറ്റർ ദൂരത്തിനുള്ളിൽ വരുന്ന എല്ലാ ഭൂമിയും" ഉൾപ്പെടുമെന്ന് ജില്ല ദുരന്ത നിവാരണ അതോറിറ്റി വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവ് നടപ്പാക്കുന്നതിൽ വളരെയധികം ആശയക്കുഴപ്പം നിലനിൽക്കുന്നുണ്ടെന്നാണ് പഞ്ചായത്തിൽ നിന്നും ഓഡിറ്റ് നടക്കുന്ന വേളയിൽ വാക്കാൽ അറിയിച്ചിട്ടുള്ളത്. ഉത്തരവ് പ്രകാരം ഒരു റിസോർട്ട് നിർമ്മിക്കുമ്പോൾ കെട്ടിടത്തിന്റെ 500 മീറ്റർ റേഡിയൽ ദൂരത്തിൽ ഹൈ ഹസാർഡ് സോൺ വരാൻ പാടില്ല (All Land Coming Within 500 Meter Radial Distance From All Boundary Points Of High Hazard Zone). എന്നാൽ ഇതിനെ ഒരു കെട്ടിടം നിർമിക്കുമ്പോൾ അതിരിക്കുന്ന പ്ലോട്ടിന്റെ 500 മീറ്റർ റേഡിയൽ ദൂരത്തിൽ ഹൈ ഹസാർഡ് സോൺ വരാൻ പാടില്ല എന്നാണ് ഫീൽഡ് തലത്തിൽ

പഞ്ചായത്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിരിക്കുന്നത് എന്നാണ് പഞ്ചായത്തിൽ നിന്നും ഓഡിറ്റ് നടക്കുന്ന വേളയിൽ അറിയിച്ചിട്ടുള്ളത് (I.E. No Area Of Plot Containing The Proposed Building Should Come Within 500 M Radial Distance Of High Hazard Zone. Effectively, It Makes An Entire Plot Unusable Even If Only 1% Of The Total Area Of The Plot Comes Within 500 M Radial Distance Of The High Hazard Zone). ഉദാഹരണമായി ഒരാൾ രണ്ടേക്കർ പ്ലോട്ടിൽ ഒരു റിസോർട്ട് കെട്ടിടം നിർമിക്കുമ്പോൾ, ആ സ്ഥലത്തിന്റെ ഒരു ചെറിയ ഭാഗം മാത്രമേ 500 മീറ്റർ റേഡിയൽ ദൂരത്തിൽ വരുന്നുള്ളു എങ്കിൽ പോലും, തെറ്റായ ഈ വ്യാഖ്യാനം മൂലം രണ്ടേക്കർ സ്ഥലത്തു എവിടെയും റിസോർട് കെട്ടിടം നിർമിക്കാൻ അനുവദിക്കുന്നില്ല. അവ്യക്തമായ നിർദ്ദേശങ്ങൾ ഇത്തരം തെറ്റായ വ്യാഖ്യാനങ്ങൾ നടത്തുന്നതിനും ഉദ്യോഗസ്ഥരുടെ ഏകപക്ഷീയമായ തിരുമാനങ്ങൾക്കും തെറ്റായ പ്രവണതകൾക്കും കാരണമാകും.

9. WP(C) No.1367/2023 എന്ന കേസിലെ ഹൈക്കോടതിയുടെ 21/09/2023 ലെ വിധി ന്യായത്തിൽ ഈ ഉത്തരവിനെ (ജില്ല ദുരന്ത നിവാരണ അതോറിറ്റിയുടെ 21.08.2019 ലെ DCWYD/9464/2019-DEOC നമ്പർ ഉത്തരവ്) സാധൂകരിച്ചിട്ടുണ്ട്. (WP(C) No.1367/2023 – “The District Disaster Management Authority Is A Specialised Body Constituted As Per A Statute Having Empowered With Various Powers And Duties And Which Is A Specialised Agency Which Is Best Equipped Regarding The Land Pattern Of The District And To Take Necessary Decisions And Implement The Same So As To Avert Any Possible Chance For A Disaster”.) എന്നാൽ WP(C) No.19452/2023 എന്ന കേസിലെ ഹൈകോടതിയുടെ 22/12/2023 ലെ ഉത്തരവിൽ ഹൈ ഹസാർഡ് സോൺ 500 മീറ്റർ കൂടി അധികമായി നീട്ടിയത് നിലനിൽക്കില്ല എന്നും, WP(C) No.1367/2023 എന്ന കേസിലെ വിധി ന്യായം പേർ ഇൻക്യൂറിയം (Per Incurium) എന്നാണ് പ്രതിപാദിച്ചിട്ടുള്ളത്.

10. മേൽ ഉത്തരവിലെ (WP(C) No.19452/2023) പ്രസക്ത ഭാഗങ്ങൾ താഴെ ചേർക്കുന്നു. “ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സത്യവാങ്മൂലത്തിൽ, പ്രസ്തുത നിർവചനം കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ചിട്ടില്ലെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ജില്ല പ്ലാനുകൾ തയ്യാറാക്കാൻ ജില്ല അതോറിറ്റിക്ക് അധികാരം നൽകുന്ന ഡിഎം ആക്ടിലെ സെക്ഷൻ 30(2) പ്രകാരം, ജില്ല അതോറിറ്റി തയ്യാറാക്കുന്ന പ്ലാനുകൾക്ക് സംസ്ഥാന അതോറിറ്റി അംഗീകാരം നൽകണമെന്ന് ഡിഎം ആക്ടിലെ സെക്ഷൻ 31(2) പ്രകാരം വ്യവസ്ഥ ചെയ്യുന്നു. മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശത്തിന്റെ വിപുലീകൃത നിർവചനത്തിന് സംസ്ഥാന അതോറിറ്റി അംഗീകരിച്ചിട്ടില്ലാത്തതിനാൽ , ഒരു സാഹചര്യത്തിലും ഹൈ ഹസാഡ് സോണിൽ നിന്ന് 500 മീറ്റർ ദൂരം മണ്ണിടിച്ചിൽ സാധ്യതയുള്ള പ്രദേശത്ത് ഉൾപ്പെടുത്താൻ കഴിയില്ല.” (WP(C) No.19452/2023 – “ However, As Mentioned Earlier, By Ext.P7 Order Dated 07.11.2019, DDMA Clarified That Landslide Prone Area Will Include “All Lands Coming Within 500 Metres Distance From All The Boundary Points Of The Said Area”. In This Context, It Is Curious To Note That Though The 2nd Respondent Stated That The Map Was Approved By The State Authority, The 3rd Respondent-State Authority Has Denied Approval For The Extended Definition Of Landslide Prone Area. Significantly, The 3rd Respondent, In Its Affidavit, Has Stated That The Said Definition Has Not Been Approved By The Kerala State Disaster Management Authority. Though Section 30(2) Of The DM Act Confers Power Upon The District Authority To Prepare District Plans, Section 31(2) Of The DM Act Requires That The State Authority Must Approve The Plans Prepared By The District Authority. As The Definition Given To The Term 'Landslide Prone Area' As Widened By Ext.P7 Has Not Been Approved By The State Authority, Under No Circumstances Can The Landslide-Prone Area Include A Distance Of 500 Metres From The High-Hazard Zone.
In The Decision In Radhakrishnan V. State Of Kerala (W.P.(C) No.1367 Of 2023), A Learned Single Judge Of This Court Had Approved Ext.P6. A Reading Of The Said Judgment Reveals That Though Section 30(2) Of The DM Act Was Referred To, Section 31(2) Of The DM Act Was Not Brought To The Notice Of The Court. Hence, The Requirement Of Approval By The State Authority Was Not Considered By The Court. Thus, The Judgment In W.P.(C) No.1367 Of 2023 Is Per Incurium. The Member-Secretary Of The 3rd Respondent Has Filed An Affidavit Stating That Approval Has Not Been Granted For The Term Landslide Prone Area As Expanded By DDMA Wayanad And Also That The Interpretation Given By The District Authority Is Not In Consensus With The State Plan. Without The State Authority's Approval, Expanding The Term Landslide-Prone Area To Include A Distance Of 500 Metres From The High-Hazard Zone Cannot Be Legally Valid.”)

11. തുടർന്ന് W.A No,1915/2023 എന്ന കേസിൽ 22/07/2024 ലെ വിധി ന്യായത്തിൽ തൽസ്ഥിതി (നിലവിലെ നിയന്ത്രണങ്ങൾ) തുടരാൻ നിർദ്ദേശിച്ചിട്ടുണ്ട് (“The Quarrying And Other Construction Activities In Wayanad District, That Are The Subject Matter Of These Writ Appeals And Writ Petitions, Shall Remain

Suspended Until Further Orders From This Court.”). ജില്ല ദുരന്ത നിവാരണ അതോറിറ്റിയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും തികച്ചും വ്യത്യസ്തങ്ങളായ നിലപാടാണ് ഈ കേസിൽ സ്വീകരിച്ചിട്ടുള്ളത്. ഇത് വിഷയത്തെ കൂടുതൽ സങ്കീർണമാക്കുന്നു. ഈ വിഷയത്തെപ്പറ്റി വിശദമായി പഠിച്ച് തീരുമാനം എടുക്കാനായി Suo Motu ആയി WP(C) No.28509/2024 എന്ന പുതിയ കേസ് ആരംഭിക്കുകയുണ്ടായി. ഈ കേസിൽ 21.08.2019 ലെ DCWYD/9464/2019-DEOC നമ്പർ ഉത്തരവ് സംബന്ധിച്ചുള്ള തീരുമാനങ്ങളെ പറ്റിയുള്ള വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

12. നിലവിലെ NCESS മാപ്പ് മാറ്റി GSI മാപ്പ് ആക്കുമ്പോൾ, ഹൈ ഹസാർഡ് സോൺ 500 മീറ്റർ കൂടി അധികമായി നീട്ടിയത്, വിഷയത്തെ അതിസങ്കീർണമാക്കും.



***തിരുനെല്ലി പഞ്ചായത്തിന്റെ മണ്ണിടിച്ചിൽ അപകട മേഖലാ ഭൂപടം - NCESS & GSI.***

മുകളിലെ താരതമ്യത്തിൽ നിന്ന് തന്നെ ഹൈ ഹസാഡ് സോൺ (High Hazard Zone – RED) രണ്ടു മാപ്പിലും വളരെ വ്യത്യസ്തങ്ങളാണെന്നു കാണാൻ സാധിക്കും. ജില്ല ദുരന്ത നിവാരണ അതോറിറ്റിയുടെ ഹൈ ഹസാഡ് സോൺ + 500 മീറ്റർ എന്ന നിർവചനം കൂടുതൽ സങ്കീർണതകളിലേക്കും നിയമ പോരാട്ടങ്ങൾക്കും വഴി തെളിക്കും. പൊതു പണമാണ് ഇതിനു ചിലവഴിക്കേണ്ടി വരുക.

**<u>റെഡ് സോൺ പ്രദേശങ്ങളിലെ നിയന്ത്രണങ്ങൾ ഫലപ്രദമാക്കാൻ ചില സാധ്യതകൾ</u>**

1. നിലവിലെ നിയന്ത്രണങ്ങൾ ഫലപ്രദമല്ല എന്നാണ് മുകളിലെ ഉദാഹരണങ്ങൾ കാണിക്കുന്നത്. ജി.ഐ.എസ് മാപ്പുകൾ വഴി ഡി.ഡി.എം.എ നിയന്ത്രണങ്ങൾ, റെഡ് സോൺ മാപ്പുകൾ മുതലായവ കെ-സ്മാർട്ടിലേക്ക് കൊണ്ടുവരാനുള്ള സാധ്യതകൾ പരിശോധിക്കണം. ഇത് പിശകുകൾ കുറയ്ക്കുകയും പ്രക്രിയ യാന്ത്രികമാക്കുകയും ചെയ്യും.

2. കെ-സ്വിഫ്റ്റ്, സാഹസിക ടൂറിസം ലൈസൻസുകൾ വഴി പുതിയ സ്ഥാപനങ്ങൾ ജില്ല ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്തരവിന് വിപരീതമായി റെഡ് സോണുകളിൽ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പാക്കാൻ പ്രാഥമിക പരിശോധനകൾ നടത്തണം. ഇത്തരത്തിൽ കണ്ടെത്തുന്ന സ്ഥാപനങ്ങളെപ്പറ്റി ജില്ല ദുരന്ത നിവാരണ അതോറിറ്റിയെ രേഖ മൂലം അറിയിക്കണം. ഈ പോർട്ടലുകളിൽ (K-SWIFT, Adventure Tourism) റെഡ് സോണിന്റെയും, മറ്റു നിയന്ത്രണങ്ങളുള്ള പ്രദേശത്തിൻെറയും ജി ഐ സ് മാപ്പുകൾ ലഭ്യമാക്കാനുള്ള സാധ്യതകൾ പരിശോധിക്കണം. ഇത് മനുഷ്യ ഇടപെടലില്ലാതെ തന്നെ ഒരു അപ്ലിക്കേഷൻ സമർപ്പിക്കുമ്പോൾ റെഡ് സോണിലോ മറ്റു നിയന്ത്രണങ്ങൾ ഉള്ള പ്രദേശങ്ങളിലോ അനുമതി നൽകപ്പെടാതിരിക്കാൻ സഹായിക്കും. മാത്രവുമല്ല ഇത്തരം അനുമതി നൽകുന്നതിന്റെ വിവരങ്ങൾ കെ-സ്മാർട്ടിലേക്കു മുകളിൽ പറഞ്ഞിരിക്കുന്ന പോർട്ടലുകളിൽ നിന്ന് നേരിട്ട് വരുത്താനുമുള്ള സാധ്യതകൾ ആരായണം. എന്നാലെ പഞ്ചായത്തിന് ഇത്തരത്തിൽ അനുമതി ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളെപ്പറി സമയോചിതമായി അറിയാൻ സാധിക്കു. മാത്രവുമല്ല, ഇത്തരം ലൈസൻസുകളിൽ കെട്ടിടങ്ങളുടെ/നിർമ്മാണങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനുള്ള സാധ്യതകൾ ടൂറിസം വ്യാവസായിക വകുപ്പുകളുമായി ചേർന്ന് പരിശോധിക്കണം.

3. സാഹസിക ടൂറിസം ലൈസൻസുകൾ നൽകുമ്പോൾ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 (KPBR) (ചട്ടം2(n), 4) പ്രകാരം പെർമിറ്റ് ആവശ്യമുള്ള സ്ഥിര നിർമ്മാണങ്ങൾ പെർമിറ്റ് ഉണ്ടെന്ന് ഉറപ്പുവരുത്തണം.

4. ഉരുൾപ്പൊട്ടൽ സാധ്യതാ മേഖലകളിലെ നിർമ്മാണങ്ങൾ സംബന്ധിച്ച് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേഡിന്റെ (BIS) നിബന്ധനകൾ **Landslide Control Measures (Guidelines) IS 14680:2024** അടക്കം, ജില്ലയിലെ ഹൈ, മോഡറേറ്റ് ഹസാർഡ് മേഖലയിലെ നിർമ്മാണങ്ങൾക്ക് ബാധകമാക്കാനുള്ള സാധ്യതകൾ സർക്കാരിനോടും ജില്ല ദുരന്ത നിവാരണ അതോറിറ്റിയോടും കൂടിയാലോചിക്കേണ്ടതാണ്.

5. റെഡ് സോൺ പ്രദേശങ്ങളിലെ എല്ലാ കെട്ടിടങ്ങളുടെയും നിർമ്മാണങ്ങളുടെയും സാഹസിക പ്രവർത്തനങ്ങളുടെയും പൂർണ്ണമായ ഫീൽഡ് ഓഡിറ്റ് നടത്തി ജി.ഐ.എസ് മാപ്പുകളിൽ ഉൾപ്പെടുത്താനുള്ള സാധ്യതകൾ പരിശോധിക്കണം.

